മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 17 THE ONLINE OFFICIAL NEWS BULLETIN 2026 April 23

SEASON OF RESURRECTION | ഉയിർപ്പുകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
26	27	28	29	30	1	2
3 2nd Sunday after New Sunday	7 355th Mem. of Mar Gregorios Abdul Jaleel Metropolitan (Vadakan Paravur Church)	3	7 Comme. of Mar Sabor & Mar Aproth	3	7 ✝ Comme. of St. James the Apostle (Son of Zebedee) Comme. of St Michael Sahada	3



പുതുപ്പള്ളി പാറേട്ട് മാർ ഇവാനിയോസ് ആശുപത്രിക്കുള്ള സഹായ ധനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് മുത്തൂറ്റ് ഗ്രൂപ്പ് കോട്ടയം ജെ.എം.ഡി. ഓഫീസ് മാനേജർ രാജ് ഫിലിപ്പ് കൈമാറുന്നു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലിത്താ സമീപം.




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക കൂട്ടായ്മയായ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ ആഗോള ത്രിദിന സമ്മേളനം മെയ് 19, 20, 21 തീയതികളിൽ പരുമലയിൽ നടക്കും. സമ്മേളനത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം വൈദിക സംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവ്വഹിച്ചു. ചടങ്ങിൽ വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്, ജോയിന്റ് സെക്രട്ടറി ഫാ. ഡോ. മാത്യു വർഗീസ്, ജനറൽ സെക്രട്ടറിമാരായ ഫാ. ലെസ്ലി പി. ചെറിയാൻ, ഫാ. മിഥുൻ വർഗീസ്, വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള വൈദികസംഘം സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.




പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ സ്ഥാപകൻ ആറാം മാർത്തോമ്മായുടെ നാമത്തിലുള്ള ആറാം മാർത്തോമ്മാ അവാർഡ് പത്മശ്രീ കൊല്ലകൽ ജി. ദേവകിയമ്മയ്ക്ക് പ. കാതോലിക്കാ ബാവാ സമ്മാനിച്ചു



സാഹോദര്യത്തിന്റെയും പ്രാർത്ഥനയുടെയും ആത്മാവിൽ, ഇംഗ്ലണ്ടിലെയും അയർലൻഡിലെയും സഭാഐക്യം വർദ്ധിപ്പിക്കുന്നതിനും സാക്ഷ്യം നൽകുന്നതിനുമായി പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ നേതാക്കൾ ഒത്തുചേർന്നു. പൊതു വിശ്വാസത്തിൽ അധിഷ്ഠിതവും വൈവിധ്യമാർന്ന പാരമ്പര്യങ്ങളാൽ സമ്പന്നവുമായ ഈ ഒത്തുചേരൽ, വിശ്വാസികളെ സേവിക്കുന്നതിനും നമ്മുടെ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രതികരിക്കുന്നതിനുമുള്ള വഴികൾ പര്യവേഷണം ചെയ്തു. എബ്രഹാം മാർ സ്തേഫാനോസ് മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു സമ്മേളനത്തിൽ പങ്കെടുത്തു.



കോട്ടയം മെത്രാസന ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ചു ഭവന നിർമാണ പദ്ധതിപ്രകാരം മെത്രാസനത്തിലെ ഇടവകാംഗത്തിന് ഭവനം പുനർനിർമ്മാണം നടത്തി. ഭവനത്തിന്റെ കൂദാശ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



അഖില കേരള ബാലജനസഖ്യം പത്തനംതിട്ട മേഖലാ പ്രസിഡണ്ടായി തിമോത്തി സഖറിയ ഷിബു തെരഞ്ഞെടുക്കപ്പെട്ടു. തുമ്പമൺ യൂണിയനിലെ തുമ്പമൺ എം.ജി. ഹയർ സെക്കൻഡറി സ്കൂൾ ശാഖാ സഖ്യാംഗമാണ്. തുമ്പമൺ മർത്തമറിയം കത്തീഡ്രൽ ഇടവകഅംഗവും സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ ഏബ്രഹാമിന്റെ മകനുമാണ്.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നമ്പർ: 140/2026

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ.. പള്ളി വികാരിക്കും ദേശത്തു പട്ടക്കാർക്കും പള്ളി കൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ (മലങ്കര അസ്സോസിയേഷന്റെ) ഒരു യോഗം, താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് **മുളന്തുരുത്തി, വെട്ടിക്കൽ സെന്റ് തോമസ് ദയറാ അങ്കണത്തിൽ വച്ച് (സെന്റ് ഗ്രിഗോറിയോസ് നഗർ) 2026 ഓഗസ്റ്റ് മാസം 27-ാം തീയതി** വ്യാഴാഴ്ച പകൽ ഒരു മണി (IST) മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം തീരുമാനിച്ച് പ്രഖ്യാപിക്കുന്നു. 2021 ഡിസംബർ മാസം 6-ാം തീയതിയിലെ നമ്മുടെ 59-ാം നമ്പർ കൽപന മുഖാന്തിരം നടപ്പാക്കിയ അസ്സോസിയേഷൻ നടപടി ചട്ടങ്ങൾ അനുസരിച്ചായിരിക്കും ഈ അസ്സോസിയേഷൻ യോഗം നടത്തപ്പെടുന്നത്.

ആലോചനാ വിഷയങ്ങൾ

1. മേൽപ്പട്ട സ്ഥാനത്തേക്ക് നാലു പേരെ തെരഞ്ഞെടുക്കുക.
2. മലങ്കര അസ്സോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

മലങ്കര അസ്സോസിയേഷൻ യോഗ നടത്തിപ്പ് സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന (1934-ലെ മലങ്കര സഭാ ഭരണഘടന) പ്രകാരവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നത് സംബന്ധിച്ച് ഭേദഗതി ചെയ്ത നടപടി ചട്ടങ്ങൾ പരിഗണിച്ചും 2021 ഡിസംബർ 17-ാം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച സഭയിലെ എപ്പിസ്ക്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും പരിഗണിച്ച് നാം ചെയ്തിട്ടുള്ള ക്രമീകരണങ്ങളുടെ ചുരുക്കം താഴെ ചേർത്തിരിക്കുന്നു:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പനുസരിച്ച്, 2022 ജൂലൈ 4-ാം തീയതി പ്രസിദ്ധപ്പെടുത്തിയ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരും, ഇപ്പോൾ നിലവിലുള്ള മാനേ

1/3

ജിംഗ് കമ്മറ്റി അംഗങ്ങളും ഈ കൽപന അനുസരിച്ച് കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ അസ്സോസിയേഷൻ അംഗങ്ങളല്ലാത്ത പക്ഷം, അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും ഇടവകയിലെ പ്രതിപുരുഷന്മാരുടെ ഒഴിവുകൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന അനുഛേദം 71 (d) പ്രകാരം 2022 ജൂലൈ 4-ാം തീയതിക്ക് ശേഷം നികത്തിയിട്ടുള്ള പക്ഷം പ്രസ്തുത വിവരം - ഒഴിവായ ആളിന്റെയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ആളിന്റെയും പേരുകളും മറ്റു വിവരങ്ങളും ഉൾപ്പെടെ - 2026 ജൂൺ 10-ന് മുമ്പായി രേഖാമൂലം അതത് ഇടവക വികാരിമാർ ഭദ്രാസന മെത്രാപ്പോലീത്താമാരെ അറിയിക്കേണ്ടതും മെത്രാപ്പോലീത്താമാർ 2026 ജൂൺ 15-ന് മുമ്പായി നമ്മുടെ കാതോലിക്കേറ്റ് ഓഫീസിലേക്ക് അറിയിച്ചിരിക്കേണ്ടതും, ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് (ഫൈനൽ ലിസ്റ്റ്) തയ്യാറാക്കുന്നതുമാണ്. അസ്സോസിയേഷൻ യോഗാംഗങ്ങളുടെ ഫൈനൽ ലിസ്റ്റ് 2026 ജൂലൈ 24-ാം തീയതി ദേവലോകം കാതോലിക്കേറ്റ് ഓഫീസിലും, അസ്സോസിയേഷൻ യോഗസ്ഥലത്തും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.mosc.in) പ്രസിദ്ധീകരിക്കുന്നതാണ്. ഫൈനൽ ലിസ്റ്റിൽ പേരുള്ളവരെ മതിയായ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ആധികാരികത ഉറപ്പാക്കി യോഗത്തിൽ പങ്കെടുപ്പിക്കുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിപുരുഷന്മാരെ, ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും, വേണ്ടി വന്നാൽ വോട്ടുചെയ്യുന്നതിനുമായി പള്ളിച്ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ നിശ്ചിത അധികാരപത്രം സഹിതം യോഗസ്ഥലത്ത് യോഗദിവസം രാവിലെ 9 മണി മുതൽ 12 മണി വരെയുള്ള സമയത്ത് ഹാജരായി രജിസ്ട്രേഷൻ കൗണ്ടറിൽ അധികാരപത്രം ഏൽപിച്ച്, ഹാജർ പുസ്തകത്തിൽ ഒപ്പിട്ട്, യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങേണ്ടതും, യോഗത്തിന് അരമണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരിക്കേണ്ടതുമാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്ക് വികാരിയോ, മറ്റു പട്ടക്കാരോ, സ്ഥലത്തു വച്ച് നേരിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

അസ്സോസിയേഷൻ യോഗ നടത്തിപ്പ് സംബന്ധിച്ചോ ഒഴിവുനികത്തുന്നതിനായി നടത്തിയ പള്ളിപ്രതിപുരുഷന്മാരുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചോ പരാതിയുണ്ടെങ്കിൽ അതു കേട്ട് തീരുമാനിക്കുന്നതിനും മറ്റുമായി അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായും, ഫാ. ഏബ്രഹാം കാരാമേൽ, ഡോ. രാജു ഫിലിപ്പ്, അഡ്വ. കുളങ്ങര മാത്യൂസ് കോശി, അഡ്വ. ജോസഫ് ജോൺ എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നാം നിയമിച്ച് അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെ ഒഴിവ് നികത്തിയതിനെ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ ആയത് 2026 ജൂൺ 15-ന് മുമ്പ് ട്രിബ്യൂണൽ അദ്ധ്യക്ഷന്റെ പേർക്ക് (കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി.ഒ, മുട്ടമ്പലം (via), കോട്ടയം - 686004 എന്ന വിലാസത്തിൽ) അയച്ചുകൊടുക്കുകയോ, നേരിട്ടു നൽകുകയോ, ഇ-മെയിൽ ആയി catholicateoffice@mosc.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യാവുന്നതാണ്. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമവും എല്ലാവർക്കും ബാധകവും ആയിരിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ യോഗം 2026 ജൂലൈ 21-ന് രാവിലെ 10 മണി മുതൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്.

മേൽപ്പട്ട സ്ഥാനത്തേക്കുള്ള നാമനിർദ്ദേശ പത്രികകൾ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും 2026 ഏപ്രിൽ 16 മുതൽ ലഭിക്കുന്നതാണ്. നിശ്ചിത ഫാറത്തിൽ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ പേരുള്ളവരിൽ 30 പേർ ചേർന്ന് ഓരോ നാമനിർദേശ പത്രിക സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശപത്രികകൾ കാതോലിക്കേറ്റ് ഓഫീസിന്റെ അസ്സൽ മുദ്രയോടു കൂടിയ അതത് ഫോറത്തിൽ ആയിരിക്കേണ്ടതും, ഒരാളിനെ നാമനിർദ്ദേശം ചെയ്യുന്നതിലേക്ക് മൂന്നിൽ കൂടുതൽ നാമനിർദ്ദേശങ്ങൾ തയ്യാറാക്കുകയോ സമർപ്പിക്കുകയോ ചെയ്തുകൂടാത്തതുമാണ്. ഒരു അസ്സോസിയേഷൻ അംഗത്തിന് നാലിൽ കൂടുതൽ ആളുകളുടെ നാമനിർദേശ പത്രികയിൽ ഒപ്പിടുന്നതിന് അധികാരം ഇല്ലാത്തതാണ്. എല്ലാ നാമനിർദ്ദേശങ്ങളും, 2026 ഏപ്രിൽ 30-നോ അതിനു മുമ്പോ സ്ക്രീനിംഗ് കമ്മറ്റി കൺവീനർക്ക് ലഭിച്ചിരിക്കണം. ആയതിന് എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ കൺവീനറായി, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി ശ്രീ റോണി വർഗീസ് എബ്രഹാം, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, നാഗ്പൂർ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോസി ജേക്കബ്, കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ

2/3

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മാനേജിംഗ് കമ്മറ്റിയിൽ നിന്നുള്ള പ്രതിനിധികളായ വെരി. റവ. സി. പി. അലക്സാണ്ടർ കോറെപ്പിസ്കോപ്പാ, അഡ്വ. ജി. എബ്രഹാം, ശ്രീ ജോൺസൺ കല്ലട എന്നിവരെ ചേർത്ത് ഒരു സ്ക്രീനിംഗ് കമ്മറ്റി ഇതിനാൽ നാം രൂപീകരിക്കുന്നു. നാല് പേരെ വീതം നാമനിർദ്ദേശം ചെയ്യുന്നതിന് ഓരോ മേൽപ്പട്ടക്കാരനും അവകാശം ഉണ്ടായിരിക്കുന്നതാകുന്നു. നാമനിർദ്ദേശങ്ങളുടെ സൂക്ഷ്മ പരിശോധന സ്ക്രീനിംഗ് കമ്മറ്റി നടത്തുന്നതും സാധുവായ പത്രികകൾ സ്വീകരിക്കുന്നതുമാണ്.

തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ വിവരിക്കും പ്രകാരം നടപടികൾ പൂർത്തീകരിച്ച ശേഷം സാധുവായ നാമനിർദ്ദേശങ്ങളുടെ അന്തിമ ലിസ്റ്റ് അസ്സോസിയേഷൻ സെക്രട്ടറി അംഗങ്ങൾക്ക് നേരിട്ട് അയച്ചു കൊടുക്കുന്നതും അസ്സോസിയേഷൻ യോഗത്തിന്റെ അജണ്ടായിൽ ചേർക്കുന്നതും, അസ്സോസിയേഷൻ യോഗത്തിന് പത്തു ദിവസം മുമ്പ് (2026 ഓഗസ്റ്റ് 16) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു. 2026 ഓഗസ്റ്റ് 18-ന് അകം നാമനിർദ്ദേശം പിൻവലിക്കാവുന്നതാണ്. നാമനിർദ്ദേശം പിൻവലിച്ചവരുടെ പേരുകൾ ഒഴിവാക്കിക്കൊണ്ടുള്ള അജണ്ടാ യോഗദിവസത്തിന് ഏഴ് ദിവസം മുമ്പ് (2026 ഓഗസ്റ്റ 19-ന്) യോഗസ്ഥലത്തും, കാതോലിക്കേറ്റ് ഓഫീസിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിനു ശേഷം തുടർന്ന് യോഗം നടത്തിക്കൊണ്ടു പോകുന്നതിനോ, വൈസ് പ്രസിഡന്റുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. അസ്സോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗ നടപടികളെപ്പറ്റിയോ നാം നേരിട്ടോ, കാതോലിക്കേറ്റ് ഓഫീസ് മുഖാന്തിരമോ, അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതുമാകുന്നു. ഏതെങ്കിലും പ്രതിസന്ധി മൂലം യോഗസ്ഥലത്ത് എല്ലാവർക്കും ഒരുമിച്ച് ചേരുവാൻ സാധ്യമാകാതെ വന്നാൽ, ആവശ്യമെങ്കിൽ അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സുതാര്യമായും നിയമാനുസൃതമായും യോഗം ചേരുന്നതിനും, വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവയ്ക്കുമുള്ള ക്രമീകരണം 2021 ഡിസംബറിലെ അസ്സോസിയേഷൻ നടപടിച്ചട്ടം ഭാഗം 6, X (8) വകുപ്പു പ്രകാരം നാം ചെയ്യുന്നതാണ്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ നാമോ അല്ലെങ്കിൽ നാം വൈസ് പ്രസിഡന്റുമാരിൽ ഒരാളെ മേൽപ്രകാരം നിയോഗിച്ചിരുന്നാൽ അദ്ദേഹമോ പ്രഖ്യാപിക്കുന്നതും, അപ്രകാരമുള്ള ക്രമീകരണങ്ങൾ അപ്പോഴപ്പോൾ നിശ്ചയിച്ച് നിങ്ങളെ അറിയിക്കുന്നതുമായിരിക്കും.

ഈ കൽപന സഭയിലെ എല്ലാ ഇടവക പള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി 'മലങ്കരസഭ' മാസികയിലും, www.mosc.in എന്ന പ. സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങളുടെ അറിവിലേക്കായി ഈ കൽപനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി/കമ്പ്യൂട്ടർ ഒപ്പോടുകൂടി അയയ്ക്കുന്നതാണ്. മേൽ പ്രകാരം അസ്സോസിയേഷൻ യോഗം നടത്തുന്നത് സംബന്ധിച്ചും മറ്റുമുള്ള കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

2022 ജൂലൈ 4-ാം തീയതിക്കുശേഷം മൊബൈൽ നമ്പറും ഇ-മെയ്ൽ വിലാസവും മാറിയിട്ടുള്ളവർ പുതിയ നമ്പറും വിലാസവും 2026 ജൂലൈ 1-ന് മുമ്പ് നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ................................



2026 ഏപ്രിൽ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പകർപ്പ്


1. നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2. അസ്സോസിയേഷൻ അംഗങ്ങൾക്ക്

3/3

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1950)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



24-3-1951. കോട്ടയം. ഇന്ന് നാം ഇവിടെ വി. കുർബ്ബാന ചൊല്ലി. ചെറിയപള്ളിയിലും, കുരിശുപള്ളിയിലും, പുത്തൻ പള്ളിയിലും വി. കുർബ്ബാന ചൊല്ലിയില്ല. പുത്തനങ്ങാടി സ്കൂൾ മൈതാനത്തെ ... നമ്മെ കുറ്റം പറഞ്ഞുള്ള പ്രസംഗങ്ങളാണ് നടന്നതെന്നു കേൾക്കുന്നു. രാവിലെ കുർബ്ബാനയ്ക്കു ശേഷം നാം മലയാള മനോരമയുടെ പുതിയ മുറികളുടെ കൂദാശാകർമ്മം നടത്തുവാൻ പോയി. മനോരമയ്ക്കു പുതിയതായി ഒരു റോട്ടറി പ്രസ്സ് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. മാമ്മൻ മാപ്പിളയ്ക്കും കെ. എം. ചെറിയാനും മറ്റും വലിയ സന്തോഷമായിരുന്നു.

എറണാകുളത്തു നിന്നും എം. സി. മാത്യുവും യാക്കോബ് കത്തനാരും തിരിച്ചു വന്നു. .... ചെയ്തു. വാദം കേൾക്കുന്നതിനായി അടുത്ത വ്യാഴാഴ്ച (29 മാർച്ച്) ത്തേക്കു പോസ്റ്റു ചെയ്തിരിക്കുകയാണ്. സ്റ്റേ ഓർഡർ കിട്ടിയില്ല. നമ്മുടെ വക്കീൽ പി. ഐ. തോമസ് ആണ്.

25-3-1951. വലിയ നോമ്പിൽ മൂന്നാമത്തെ ഞായറാഴ്ച ആയിരുന്നു. ഇന്നിവിടെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ പഴഞ്ഞിക്കാരൻ അബ്രഹാം ശെമ്മാശനും, സ്ലീബാദാസൻ കുറിയാക്കോസ് (തുമ്പമൺകാരൻ) ശെമ്മാശനും അമിച്ചകരിക്കാരൻ ജോൺ ശെമ്മാശനും പരുമല കളത്ര യാക്കോബ് ശെമ്മാശനും പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. തുടർന്നു കുർബ്ബാനയ്ക്കുശേഷം ചെറിയപള്ളിയിൽ നിന്നും കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നിരുന്നു. അയാൾക്ക് ഇന്ന് എങ്ങും കുർബ്ബാന ചൊല്ലുവാൻ സാധിച്ചില്ല. അയാൾ ചെറിയപള്ളി മേടയിൽ തന്നെ ഇരിപ്പായിരുന്നു.

ഇന്ന് ഇവിടുത്തെ പറമ്പിൽ ചന്ത തുടങ്ങി. അഞ്ചാറു ദിവസത്തെ ചന്തയുണ്ടെന്നാണ് തോന്നുന്നത്.

26-3-1951. കോട്ടയം. ഇന്ന് കല്ലട പീടികയിൽ ഗീവറുഗീസ് കത്തനാർ ഇവിടെ വന്നിട്ടുണ്ട്. കൊടുവിള പള്ളി പണി സംബന്ധിച്ച സംഗതികളിൽ കൊടുവിള കോശി കത്തനാരും ടി ഗീവറുഗീസ് കത്തനാരും തമ്മിൽ ഏതോ അഭിപ്രായ വ്യത്യാസമാണുള്ളത്. കോശി കത്തനാരെ കൂടി കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ ടി ഗീവറുഗീസ് കത്തനാരോടു പറഞ്ഞിരിക്കയാണ്. ഇന്ന് സന്ധ്യയ്ക്കുശേഷം പൂപ്പള്ളി കുട്ടിച്ചൻ, എം. സി. മാത്യു, ഉപ്പൂട്ടിലെ കുഞ്ഞച്ചൻ, കല്ലറയ്ക്കൽ ബേബി, മണലിൽ യാക്കോബ് കത്തനാർ, ഇവിടുത്തെ മാനേജർ കത്തനാർ എന്നിവർ ഫോർവേർഡ് ബാങ്കിൽ കൂടി ചെറിയപള്ളി കാര്യങ്ങളെക്കുറിച്ചുള്ള ആലോചനകൾ നടത്തി. ഇവിടുത്തെ ഡിസ്ട്രിക്ട് കളക്ടർ കാസിമിനു തിരുവനന്തപുരം ജില്ലയിലേക്കു സ്ഥലംമാറ്റമാണെന്നു കേട്ടു.

27-3-1951. കോട്ടയം. ഇന്നത്തെ പത്രങ്ങളിൽ കാസിമിന് സ്ഥലംമാറ്റമാണെന്നും, വേറൊരു ഗോപാലൻ നായർ ഇവിടുത്തെ ഡിസ്ട്രിക്ട് കളക്ടർ ആയി വരുന്നുവെന്നും കാണുന്നു. പേരൂർ സംഭവം സംബന്ധിച്ച് കോട്ടയത്തെ പോലീസ് ആഫീസറന്മാരെയെല്ലാം സ്ഥലംമാറ്റിയിരിക്കുന്നു.

28-05-1951. കോട്ടയം. ഇന്ന് മലയാള മനോരമ പത്രത്തിന്റെ വജ്രജൂബിലി ദിവസമായിരുന്നു. അതു സംബന്ധിച്ചുള്ള പബ്ലിക്ക് മീറ്റിംഗ് നമ്മുടെ അനുവാദപ്രകാരം നമ്മുടെ എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ ഗ്രൗണ്ടിൽ വച്ചായിരുന്നു. ടി മീറ്റിംഗിൽ സംബന്ധിക്കുവാൻ നാം പോയിരുന്നു. രാവിലെ ഒമ്പതു മണിക്ക് നാം ഏലിയാ ചാപ്പലിൽ എത്തിയെങ്കിലും 11.30-നാണ് സമ്മേളന പന്തലിൽ നാം പോയത്. സമ്മേളനം വള്ളത്തോൾ നാരായണ മേനോന്റെ അദ്ധ്യക്ഷതയിലും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഇപ്പോഴത്തെ പ്രഥമ പ്രസിഡന്റിന്റെ സാന്നിധ്യത്തിലുമാണ് നടന്നത്. കെ. പി. കേശവമേനോൻ, കെ. പി. ഗോപാലമേനോൻ, ചീഫ് സെക്രട്ടറി കെ. ജി. മേനോൻ, എം. സി. മാത്യു, പാലാമ്പടം പി. റ്റി. തോമസ്, എ. വി. ജോർജ്, കെ.പി.സി.സി. പ്രസിഡണ്ട് കുമ്പളത്തു ശങ്കുപിള്ള, പാമ്പാടി മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ, റീത്തിൽ പോയ സേവേറിയോസ് മെത്രാച്ചൻ, തറയിൽ ബിഷപ്പ്, ബിഷപ്പ് ആംബ്രൂസ്, സി. കെ. ജേക്കബ് ബിഷപ്പ്, യൂഹാനോൻ മാർത്തോമ്മാ മെത്രാൻ, മാത്യൂസ് അത്താനാസ്യോസ് മെത്രാൻ എന്നിവർ വന്നിട്ടുണ്ടായിരുന്നു. ഇന്ത്യൻ പ്രസിഡണ്ട് ഡോ. രാജേന്ദ്രപ്രസാദ് ഒരു ചെറിയ പ്രസംഗം ചെയ്തു. അയാൾ 12.10-നു തിരിച്ചുപോയി. നാം 12.20-നു ഏലിയാ ചാപ്പലിൽ നമസ്കാരം നടത്തി. ഒരു മണിക്കുശേഷം ഇവിടെ സെമിനാരിയിൽ എത്തി. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ഒരു പടം വള്ളത്തോൾ അനാച്ഛാദനം ചെയ്തു. റോട്ടറി പ്രസ്സിന്റെ ഉദ്ഘാടനം കെ. പി. കേശവമേനോൻ നിർവ്വഹിച്ചു.

29-3-1951. കോട്ടയം. ചെറിയപള്ളിക്കേസ് ഇന്ന് നടന്നില്ല. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മി. പി. എ. കാസിം ഇന്ന് തിരുവനന്തപുരത്തിനു സ്ഥലം മാറിപ്പോയി. കേസ് ഏപ്രിൽ 12-ലേക്കു പോസ്റ്റ് ചെയ്തു. നമ്മുടെ വക്കീൽ പി. റ്റി. ചാക്കോ ഹാജരുണ്ടായിരുന്നു.

30-3-1951. കോട്ടയം. ഇന്ന് മൂറോൻ കൂദാശയെ സംബന്ധിച്ചുള്ള ചില സജക്ഷൻസ് എഴുതിയ ഒരു എഴുത്ത് ദീവന്നാസ്യോസ് മെത്രാച്ചന്റേതു കിട്ടി. മൂറോൻ കൂദാശയുടെ ആവശ്യങ്ങൾക്ക്, അതിന്റെ മരുന്നുകൾ ഇടിക്കുന്നതിന് മൂന്നു കല്ലുരൽ വാങ്ങിച്ചു. തിയളോജിക്കൽ സെമിനാരിയിലെ ഏതാനും ശെമ്മാശന്മാർ പൂർണ്ണ ശെമ്മാശുപട്ടം ഏൽക്കുന്നതിന് ഇവിടെ വന്നു. അവരുടെ പേരുകൾ പുസ്തകത്തിൽ എഴുതി. നാളെ നാം ഏലിയാ ചാപ്പലിൽ കുർബ്ബാന ചൊല്ലി അവർക്ക് പട്ടം കൊടുക്കാമെന്നു പറഞ്ഞ് അയച്ചു.

30-3-1951. കോട്ടയം. രാവിലെ 7.30-ന് നാം ഏലിയാ ചാപ്പലിലേക്കു പോയി. അവിടെ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ മെഴുവേലിക്കാരൻ ജോർജ്

ശെമ്മാശൻ, അങ്ങാടിക്കൽകാരൻ ജോസഫ് ശെമ്മാശൻ, കൊടശനാട്ടുകാരൻ ശമുവേൽ ശെമ്മാശൻ, കുഴിമറ്റത്ത് കോറെപ്പിസ്ക്കോപ്പായുടെ കൂടെ പഠിക്കുന്ന മാത്യു ശെമ്മാശൻ (കോഴിക്കോട്ടിരിക്കുന്ന അലക്സാണ്ടർ കത്തനാരുടെ അനുജൻ) എന്നിവർക്ക് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. ഇന്ന് തിയളോജിക്കൽ സെമിനാരിയുടെ സെമിനാരിദിനം ആയിരുന്നതിനാൽ നാം വൈകിട്ടു വരെ അവിടെ താമസിച്ച് ചടങ്ങുകളിൽ പങ്കെടുത്തു. മൂന്നു മണിക്ക് അവരുടെ വാർഷിക മീറ്റിംഗിൽ നാം ആദ്ധ്യക്ഷം വഹിച്ചു. പാറേട്ടു മാത്യൂസ് കത്തനാർ പ്രസംഗിച്ചു. വട്ടക്കുന്നേൽ മാത്യു കത്തനാർ റിപ്പോർട്ടു വായിച്ചു. നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും പ്രസംഗിച്ചു. മീറ്റിംഗിനു ശേഷം ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. 5.30-നു നാം അവിടെ നിന്നും ഇങ്ങോട്ടു പോന്നു.

1-4-1951. കോട്ടയം. ഇന്ന് നോമ്പിൽ നാലാം ഞായറാഴ്ചയായിരുന്നു. നാം ഇവിടെ വി. കുർബ്ബാന ചൊല്ലി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു. മറ്റ് പള്ളികൾ പൂട്ടിയിരുന്നതിനാൽ ഇവിടെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം ഇവിടുത്തെ മാനേജർ കത്തനാർ മാവേലിക്കര നിന്നും നെല്ലിന്റെ പെർമിറ്റ് വാങ്ങാൻ പോയിരിക്കുന്നു.

2-4-1951. കോട്ടയം. മൂറോന്റെ ആവശ്യത്തിലേക്കുള്ള അങ്ങാടി മരുന്നുകൾ - ജടാമാഞ്ചി, കറുവാ, ചുക്ക്, ജാതിക്കാ, ഗ്രാമ്പൂ, കുരുമുളക് മുതലായവ ഇന്ന് വാങ്ങിച്ചു. മദ്രാസിലെ Jey Chemist Co.-ൽ നിന്നും മരുന്നുകളും എണ്ണകളും വേഗം അയച്ചുതരണമെന്നു കാണിച്ച് കമ്പിയടിച്ചു. മരുന്നുകൾ വേഗം അയച്ചുതരുവാൻ ഏർപ്പാടു ചെയ്യുവാൻ ദീവന്നാസ്യോസ് മെത്രാച്ചന്റെ പേർക്കു തൃശ്ശിനാപ്പള്ളിയിലേക്കും കമ്പിയടിച്ചു.

3-4-1951. കോട്ടയം. മൂറോന്റെ അങ്ങാടി മരുന്നുകളെല്ലാം ഉണക്കുവാറാക്കി. കമ്പനിക്കാർ മദ്രാസിൽ നിന്നും Cochin .... Passenger-ൽ അയച്ചിട്ടുള്ളതായി കമ്പി കിട്ടി. മേൽവിവരത്തിന് ദീവന്നാസ്യോസ് മെത്രാച്ചന്റെയും കമ്പി കിട്ടി.

4-4-1951. കോട്ടയം. പുതിയ ജില്ലാ കളക്ടർ മി. ഗോപാലൻ നായർ ചെറിയപള്ളിക്കേസിലെ ഇരുഭാഗവും കേട്ടു. ശനിയാഴ്ച വിധി പറയാൻ വച്ചിരിക്കുന്നു. മൂറോന്റെ മരുന്നുകൾ ഉണക്കി.

5-4-1951. മൂറോൻ കൂദാശയ്ക്കു ആവശ്യമുള്ള കുപ്പികൾ കഴുകി ഭദ്രമാക്കി. മരുന്നുകൾ ഉണക്കി. പീലക്സിനോസ് മെത്രാച്ചൻ ഈ വഴി വന്ന് പഴഞ്ഞിയിലെ കൺവൻഷനു പോയി. അദ്ദേഹം മൂറോൻ കൂദാശയ്ക്കു ഇവിടെ വരും.

6-4-1951. കോട്ടയം. മദ്രാസിൽ നിന്നും Jey Chemist Co-യുടെ റയിൽവേ പാഴ്സൽ ആയി ഒലിവെണ്ണയും മറ്റും അയച്ചതിന്റെ റയിൽവേ റസിപ്റ്റ് കിട്ടി. കുങ്കുമപ്പൂവിന്റെ സാമ്പിൾ റാത്തലിന് 250 രൂപയുടെയും 475 രൂപയുടെയും കൊണ്ട് തൃശ്ശിനാപ്പള്ളിയിൽ നിന്നും, ദീവന്നാസ്യോസ് മെത്രാച്ചന്റെ നിർദ്ദേശ പ്രകാരം എൻ. ജെ. തോമസ് കത്തനാർ വന്നിരുന്നു. അങ്ങാടി മരുന്നുകൾ flour mill-ൽ പൊടിപ്പിച്ചു.

7-4-1951. കോട്ടയം. നാം ഇന്നു കുർബ്ബാന ചൊല്ലി. പഴഞ്ഞിക്കാരൻ ഒരു കൊച്ചന് കോറൂയോ പട്ടം കൊടുത്തു. അങ്ങാടി മരുന്നുകൾ പൊടിയാഞ്ഞത് പിന്നെയും പൊടിപ്പിച്ചു. ചെറിയപള്ളിക്കേസ് ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ അടുക്കൽ സമരിക്കായി കളക്ടർ തീരുമാനിച്ചിരിക്കുന്നു.

8-4-1951. കോട്ടയം. ഇന്ന് നോമ്പിൽ അഞ്ചാം ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി.

9-4-1951. കോട്ടയം. മൂറോന്റെ സാമാനങ്ങൾ തയ്യാറാക്കാൻ ശെമ്മാശന്മാർ വന്നു. ഇടിച്ചുപൊടിക്കുവാൻ കുറെയുണ്ടായിരുന്നത് പൊടിച്ചു.

10-4-1951. കോട്ടയം. ഇന്നും മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു.

11-4-1951. കോട്ടയം. മദ്രാസിൽ നിന്നും ഒലിവെണ്ണയും മരുന്നുകളും വന്നു. മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു. ശെമ്മാശന്മാർ ചിലർ കൂടി വന്നിട്ടുണ്ട്.

12-4-1951. കോട്ടയം. രണ്ടു വലിയ കുപ്പികളിൽ ഇന്ന് എണ്ണകളും മരുന്നുകളും ചേർത്ത് മൂറോൻ കാച്ചിയെടുത്തു. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ വന്നിട്ടുണ്ട്. അയാൾ മൂറോൻ കൂദാശ സംബന്ധിച്ച ക്രമങ്ങൾ ശെമ്മാശന്മാരെ പഠിപ്പിക്കുന്നു.

13-4-1951. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു.

14-4-1951. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ പള്ളത്തു പള്ളിയിൽ വി. കുർബ്ബാന ചൊല്ലുവാൻ അതിരാവിലെ പോയി. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു. ഇപ്പോൾ ആകെ പത്തു കുപ്പി കാച്ചിയിട്ടുണ്ട്.

15-4-1951. ഇന്ന് നോമ്പിൽ 36-ാം ഞായറാഴ്ചയും കാതോലിക്കാ ദിനവുമായിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം ജനങ്ങൾ കാതോലിക്കാ സിംഹാസനത്തോടുള്ള ഭക്തിയും ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി മുതലായ പള്ളികൾ പൂട്ടിയതിലുള്ള പ്രതിഷേധവും രേഖപ്പെടുത്തിയുള്ള പ്രമേയങ്ങൾ പാസ്സാക്കി. കാതോലിക്കാ ദിനമായ ഇന്ന് നമുക്ക് പലയിടത്തു നിന്നും മംഗളാശംസകൾ വന്നുകൊണ്ടിരിക്കുന്നു.

16-4-1951. കോട്ടയം. കാച്ചിയ മൂറോൻ എല്ലാം വേറെ കുപ്പികളിലേക്കു ഊറ്റി. മദ്ബഹായിൽ കൊണ്ടു വച്ചു. തിരുവാങ്കോട്ടെ ഗീവറുഗീസ് റമ്പാച്ചൻ വന്നിട്ടുണ്ട്.

17-4-1951. കോട്ടയം. രാവിലെ കുന്നംകുളത്ത് കൊച്ചുമെത്രാച്ചന് (മാർ പീലക്സിനോസ്) സുഖമില്ലെന്നു ഇവിടെ അറിവു കിട്ടിയതനുസരിച്ച് മാനേജർ കത്തനാരും യാക്കോബു കത്തനാരും നമ്മുടെ കാറിൽ അങ്ങോട്ടു പോയിരിക്കുന്നു. മൂവാറ്റുപുഴ നിന്നും തീമോത്തിയോസ് മെത്രാച്ചനെ കൂടി അവർ കൊണ്ടുപോയിട്ടുണ്ട്. കൊച്ചുമെത്രാച്ചൻ രാവിലെ .... നു കാലം ചെയ്തു എന്ന് കുന്നംകുളത്തു നിന്നും 12 മണിക്ക് നമുക്കു കമ്പി കിട്ടി. നാം സങ്കടപ്പെടുകയല്ലാതെ എന്തു ചെയ്യാനാണ്. മെത്രാച്ചന്റെ മൃതദേഹം നാളെ ഇതു വഴി പുത്തൻകാവിൽ കൊണ്ടുപോയി കബറടക്കുവാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നു. ജനങ്ങൾ വിവരം അറിയുവാൻ വന്നുകൊണ്ടിരിക്കുന്നു. മറ്റു മെത്രാച്ചന്മാരും റമ്പാച്ചന്മാരും വന്നിട്ടുണ്ട്.

18-4-1951. കോട്ടയം. കൊച്ചുമെത്രാച്ചന്റെ മൃതദേഹം ഇന്നു രാവിലെ എട്ടു മണിയോടു കൂടി ഇവിടെ കൊണ്ടുവന്നു. കൊഹനൈത്തായിലെ അഞ്ചാം തെശ്മെശ്ത്തോയും 'പുശ് ബശ്ലോമോ'യും നാം നടത്തി. വമ്പിച്ച ജനക്കൂട്ടം ഇവിടെ തടിച്ചുകൂടിയിട്ടുണ്ട്. മൃതദേഹം ചീത്തയായി തുടങ്ങിയിട്ടുണ്ടായിരുന്നതിനാൽ അര മണിക്കൂറിനകം ഇവിടെ നിന്നും കൊണ്ടുപോയി. മെത്രാച്ചന്മാരും റമ്പാച്ചന്മാരും അച്ചന്മാരും ശെമ്മാശന്മാരും കൂടെ പോയിട്ടുണ്ടായിരുന്നു. കബറടക്കം കഴിഞ്ഞ് അവർ തിരിച്ചുവന്നു. വലിയ ജനക്കൂട്ടം പുത്തൻകാവിലും ഉണ്ടായിരുന്നു.

19-4-1951. കോട്ടയം. മൂറോൻ കൂദാശ സംബന്ധിച്ച സജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. വൈകിട്ട് മെത്രാച്ചന്മാരും നാമും റമ്പാന്മാരും അച്ചന്മാരും ശെമ്മാശന്മാരും കൂടിയുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും, മെത്രാച്ചന്മാരും റമ്പാച്ചന്മാരും നാമും കൂടിയുള്ള ഗ്രൂപ്പ് ഫോട്ടോയും എടുപ്പിച്ചു. ... ശെമ്മാശന്മാരും വന്നിട്ടുണ്ട്.

20-4-1951. കോട്ടയം. രാവിലെ ഏഴു മണിക്കു മൂറോൻ കൂദാശയുടെ ക്രമം ആരംഭിച്ചു. 12 മണിക്ക് അവസാനിച്ചു. അതിനുശേഷം നാമും തേവോദോസ്യോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. 1.30-നു ശുശ്രൂഷകൾ അവസാനിച്ചു. പാമ്പാടി മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും പോയി.

21-4-1951. കോട്ടയം. ലാസറിന്റെ ശനിയാഴ്ച. സ്ലീബാദാസൻ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. തിരുവനന്തപുരം പള്ളിയിൽ ഹാശാ നടത്തുവാൻ അതിരാവിലെ തീമോത്തിയോസ് മെത്രാച്ചൻ പോയി. ദീവന്നാസ്യോസ് മെത്രാച്ചൻ ആനപ്രാമ്പാലിനു പോയി. റമ്പാച്ചന്മാരും അച്ചന്മാരും അവരവരുടെ സ്ഥലത്തിനു പോയി.

22-4-1951. കോട്ടയം. ഊശാന ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി; ഊശാനയുടെ പ്രത്യേക ശുശ്രൂഷകളും നടത്തി. മാളിയേക്കലെ മാത്തുക്കുട്ടിക്കു (എം. സി. മാത്യു എം.എൽ.എ.) നല്ല സുഖമില്ലെന്നു കേൾക്കുന്നു.

23-4-1951. കോട്ടയം. ഹാശാ ആഴ്ചയിലെ തിങ്കളാഴ്ച. പതിവനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ഇവിടെ ഉച്ചനമസ്കാരത്തിനും വൈകിട്ടത്തെ നമസ്കാരത്തിനും ഉണ്ടായിരുന്നു. ചന്ദനപ്പള്ളിയിൽ നിന്നും കെ. ദാവീദ് കത്തനാരും, കൊപ്പാറ കത്തനാരും വന്നു. നോമ്പു വീടലിനു ശേഷം നാം അവിടെ ചെല്ലണമെന്ന് അവർ അപേക്ഷിച്ചു. നാം സമ്മതിച്ചു. വൈകിട്ട് ഏലിയാ ചാപ്പലുകാർ വന്നു; കാലു കഴുകൽ ശുശ്രൂഷ ഏലിയാ ചാപ്പലിൽ നടത്തണമെന്ന് നിർബ്ബന്ധമായി അപേക്ഷിച്ചു.

നാം സമ്മതിച്ച് കല്പന കൊടുത്തു.

24-4-1951. കോട്ടയം. ഇന്ന് വിശേഷമായി ഒന്നും എഴുതുവാനില്ല.

25-4-1951. കോട്ടയം. വിശേഷമായി ഒന്നുമില്ല. വാളനടിയിൽ തോമസ് കത്തനാർ വന്നു. നാം എം.ഡി. യിൽ കാലു കഴുകൽ നടത്തുന്നതിനെക്കുറിച്ച് സംസാരിച്ചു.

26-4-1951. കോട്ടയം. വെളുപ്പിന് പെസഹായുടെ ശുശ്രൂഷകളും കുർബ്ബാനയും നാം നടത്തി. ഉച്ചയ്ക്ക് ഒരു മണിക്കു ശേഷം ഏലിയാ ചാപ്പലിലേക്കു പോയി. അവിടെ കാലു കഴുകൽ ശുശ്രൂഷ നടത്തി. നല്ല ജനക്കൂട്ടം ഉണ്ടായിരുന്നു. കുറിയാക്കോസ് റമ്പാച്ചൻ എം.ഡി. യിൽ വന്നിരുന്നു. കാലുകഴുകൽ കഴിഞ്ഞ് 4.30-നു തിരിച്ചുപോന്നു. ഉച്ചഭാഷിണി (എം.ഡി. യിൽ) ഉണ്ടായിരുന്നു.

27-4-1951. കോട്ടയം. ദുഃഖവെള്ളിയാഴ്ച. രാവിലെ 8.30-നു ശുശ്രൂഷ തുടങ്ങി. 9.30 മുതൽ 11 വരെ വിശ്രമം. അതിനുശേഷം മറ്റു ശുശ്രൂഷകൾ നടത്തി. 5 മണിക്ക് മംഗളമായി കഴിഞ്ഞു. എറികാട്ടെ ബേബിയുടെ വകയായി കഞ്ഞിയുണ്ടായിരുന്നു. ഈ വർഷം ഇവിടെ ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നു.

28-4-1951. കോട്ടയം. ദുഃഖശനിയാഴ്ച. ഉച്ചയ്ക്കു 11.30-ന് നമസ്കാരം നടത്തി. അതിനുശേഷം കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം ശുബുക്കോനോ ശുശ്രൂഷയും നടത്തി.

29-4-1951. കോട്ടയം. ക്യംതാ ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. ക്യംതായുടെ ശുശ്രൂഷകളും നടത്തി.

30-4-1951. കോട്ടയം. ഇന്ന് ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി.

1-5-1951. ഇന്ന് മാനേജർ റ്റി. സി. ജേക്കബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. ഹാശാ ആഴ്ച ഇവിടെ താമസിച്ചിരുന്ന ശെമ്മാശന്മാർ പോയി.

2-5-1951. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി.

3-5-1951. പുത്തൻകാവ്. നാം പഴയസെമിനാരിയിൽ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം മാളിയേക്കൽ പുന്നച്ചന്റെ മകളും തിരുവല്ലാ കണ്ടത്തിൽ മാത്തുള്ള മാപ്പിളയുടെ ഇളയ മകനും തമ്മിലുള്ള വിവാഹം നടത്തിക്കൊടുത്തു. വൈകിട്ടു മൂന്നു മണിക്കുശേഷം നാം ഇങ്ങോട്ടു തിരിച്ചു. 4.30-നു ഇവിടെ എത്തി. ഇവിടെ വിദ്യാർത്ഥി കോൺഫറൻസ് നടന്നുകൊണ്ടിരിക്കയാണ്. കൽക്കട്ടായിലുള്ള ഓക്സ്ഫോർഡ് മിഷനിലെ ഫാ. കാൾട്ടനാണ് പ്രധാന പ്രസംഗകൻ. കൊച്ചുമെത്രാച്ചന്റെ കബറിടം സന്ദർശിച്ചു. തേവോദോസ്യോസ് മെത്രാച്ചൻ ഇവിടെയുണ്ട്. സി. എം. ജോൺ, എം. തൊമ്മൻ, എൻ. എം. തോമസ് ശെമ്മാശൻ, എരുത്തിക്കലച്ചന്റെ മകൻ ശെമ്മാശൻ എന്നിവർ ഇവിടെയുണ്ട്.

4-5-1951. തേവോദോസ്യോസ് മെത്രാച്ചൻ രാവിലെ വി. കുർബ്ബാന ചൊല്ലി. കോൺഫറൻസ് ഭംഗിയായി നടക്കുന്നു. 150 വിദ്യാർത്ഥികളോളം ഈയാണ്ടിൽ കോൺഫറൻസിൽ സംബന്ധിക്കുന്നുണ്ട്. ബഥേലിൽ പോയി കൊച്ചുമെത്രാച്ചന്റെ സാമാനങ്ങൾ തിട്ടപ്പെടുത്തി.

5-5-1951. പുത്തൻകാവ്. പി. ഈ. ദാനിയേൽ കത്തനാർ വി. കുർബ്ബാന ചൊല്ലി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ കോട്ടയത്തു നിന്നും വന്നിരുന്നു. ഓതറ ദയറായിലെ ഇ. മാത്യൂസ് കത്തനാർ ഇവിടെ ക്ലാസ്സെടുക്കുന്നുണ്ട്.

6-5-1951. കൊറ്റിയാനിപ്പള്ളി. പുതുഞായറാഴ്ച. ഇന്ന് നാം പുത്തൻകാവിൽ വി. കുർബ്ബാന ചൊല്ലി. കോൺഫറൻസിന്റെ അവസാന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. കളത്തിൽ കെ. എ. വറുഗീസും സി. ഏ. ഏബ്രഹാം കത്തനാരും (കൽക്കട്ട) പ്രസംഗിച്ചു. അബ്രഹാം കത്തനാരുടെ പ്രസംഗം വിപ്ലവാത്മകമായിരുന്നു. ഉപസംഹാരത്തിൽ നാം അയാളുടെ വാദമുഖങ്ങൾക്ക് മറുപടി പറഞ്ഞു. ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് നാം ഇങ്ങോട്ടു തിരിച്ചു. ഗബ്രിയേൽ കത്തനാർ നമ്മെ ഇങ്ങോട്ടു കൊണ്ടുപോരുവാൻ വന്നിട്ടുണ്ടായിരുന്നു. സന്ധ്യയ്ക്കു ആറു മണിയോടു കൂടി നാം ഇവിടെയത്തി. ഇവിടുത്തെ ആളുകൾ നമുക്ക് ഒരു സ്വീകരണം തന്നു. നാളെ ഇവിടുത്തെ പള്ളിക്കു വലുതാക്കി പണിയുവാൻ, കല്ലിടുകയാണ്. ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള പള്ളിയാണ്.

7-5-1951. ചന്ദനപ്പള്ളി വലിയപള്ളി. രാവിലെ നാം കൊറ്റിയാനിപ്പള്ളിയിൽ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ മൂറോനഭിഷേകം ചെയ്ത കൽക്കുരിശ് ത്രോണോസിന്റെ കീഴിൽ സ്ഥാപിച്ചു. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ഭംഗിയായി കഴിച്ചു. ഉച്ചയ്ക്കുശേഷം 3.30-നു നാം ഇങ്ങോട്ടു തിരിച്ചു. ഏഴു മണിക്ക് ഇവിടെയത്തി. വഴിക്ക് ചന്ദനപ്പള്ളി ചെറിയപള്ളിക്കാർ നമ്മെ സ്വീകരിച്ചു. ഇവിടെയും ഗീവറുഗീസ് സഹദായുടെ പെരുന്നാളാണ്. കൊപ്പാറ കത്തനാരും ദാവീദ് കത്തനാരും ഇവിടെയുണ്ട്.

8-5-1951. ചന്ദനപ്പള്ളി വലിയപള്ളി. ഇവിടുത്തെ പെരുന്നാൾ ദിവസം. നാം രാവിലെ വി. കുർബ്ബാന ചൊല്ലി (തിരുവിതാംകോട്ടു റമ്പാച്ചനും ഏഴംകുളത്തുകാരൻ കത്തനാരും നാമും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി). ഉച്ചയ്ക്കു ശേഷം മൂന്നു മണി മുതൽ റാസയും ഉണ്ടായിരുന്നു. റാസ ആറു മണിയോടു കൂടിയാണ് കഴിഞ്ഞത്. നമസ്കാരത്തിനു ശേഷം നേർച്ച വിളമ്പിന് ഒരുങ്ങിയെങ്കിലും 9 മണിക്കു ശേഷമാണ് തുടങ്ങിയത്. 11 മണി രാത്രി ആയപ്പോൾ നേർച്ചവിളമ്പു കഴിഞ്ഞു. വളരെ അലോഹ്യമായിരുന്നു. പകലത്തെ റാസ ഇത്ര ദീർഘമായി വേണ്ടായെന്ന് നാം സ്ഥലത്തെ ജനങ്ങളെയും അച്ചന്മാരെയും ശട്ടം കെട്ടി. പെരുന്നാൾ ചടങ്ങുകളിൽ ഉച്ചഭാഷിണിയുണ്ടായിരുന്നു. സി. ഐ. നൈനാൻ ഒന്നു രണ്ടു പ്രസംഗങ്ങൾ നടത്തി.

9-5-1951. മെഴുവേലി പള്ളി. രാവിലെ 9 മണിക്ക് ചന്ദനപ്പള്ളി വലിയപള്ളിയിൽ നിന്നും തിരിച്ചു. 2.30-നു ഇവിടെയത്തി. സ്വസ്ഥമായി താമസിക്കുന്നു. നാളെ ഇവിടുത്തെ തുമ്പമൺ ഭദ്രാസന മീറ്റിംഗാണ്.

10-5-1951. മാക്കാംകുന്ന് പള്ളി. തുമ്പമൺ ഭദ്രാസന മീറ്റിംഗ്. കാതോലിക്കേറ്റ് ഹൈസ്കൂളിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. മെത്രാൻ സ്ഥാനത്തേക്കു കൊള്ളാവുന്നവരുടെ പേരുകൾ നിർദ്ദേശിക്കുവാൻ നാം മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മീറ്റിംഗിനു ശേഷം നാലു മണിയോടുകൂടി നാം ഇങ്ങോട്ടു പോന്നു. ആറന്മുള കഴിഞ്ഞ് മാർത്തോമ്മാക്കാരും സി.എം.എസ്. കാരും നമ്മെ സ്വീകരിച്ച് ബഹുമാനിച്ചു. ഈ പള്ളിയിടവകക്കാരും വലിയ തോതിൽ ഒരു സ്വീകരണം നമുക്കു തന്നു. നാളെ ഇവിടെ വച്ച് ഇവിടുത്തെ കാവത്ര അച്ചന്റെ മകൻ ശെമ്മാശനും, കീക്കൊഴൂർകാരൻ വറുഗീസ് ശെമ്മാശനും കത്തനാരു പട്ടം കൊടുക്കുവാനാണ് നാം വന്നത്. ഇവിടുത്തെ മീറ്റിംഗിൽ പ്രസംഗിക്കുവാൻ വി. സി. സാമുവേൽ കത്തനാർ വന്നിട്ടുണ്ട്.

11-5-1951. കോട്ടയം. രാവിലെ മെഴുവേലി പള്ളിയിൽ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ കാവത്ര ശെമ്മാശനും കീക്കൊഴൂർകാരൻ ശെമ്മാശനും കത്തനാരുപട്ടം കൊടുത്തു. കുർബ്ബാനയ്ക്കുശേഷം നമുക്കു മംഗളപത്രം തരുന്നതിനും പുതിയ പട്ടക്കാരെ അനുമോദിക്കുന്നതിനും മീറ്റിംഗ് കൂടി. മെഴുവേലിയിൽ നിന്നും മൂന്നു മണിയോടു കൂടി നാം ഇങ്ങോട്ടു പോന്നു.

12-5-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം നാം തിരുവല്ലാ ബഥനി അരമനയിലേക്കു പോയി. അവിടെ വച്ചു കൂടിയ ഭദ്രാസന പട്ടക്കാരുടെ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം ഇങ്ങോട്ടു പോന്നു. അടുത്ത വ്യാഴാഴ്ച കോട്ടയം എം.ഡി. സെമിനാരിയിൽ വച്ചു കൂടുവാനിരിക്കുന്ന മലങ്കര സിറിയൻ ഓർത്തഡോക്സ് അസോസിയേഷനിൽ സ്വീകരിക്കേണ്ട നിലയെപ്പറ്റി ഏതാനും നിശ്ചയങ്ങൾ തിരുവല്ലായിൽ ചെയ്തു.

13-5-1951. കോട്ടയം. പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി. ചെറിയപള്ളിയിലെ ഇടവക പൊതുയോഗം ഇവിടെ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി.

14-5-1951. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാനമദ്ധ്യേ കൊല്ലാട്ടുകാരൻ സി. ഇ. ജോർജ്ജിനും പുത്തൻകാവുകാരൻ കെ. എ. ജോർജിനും യൗപ്പദിയക്കിനോ പട്ടം കൊടുത്തു. ഫാ. കാൾട്ടനും ബിഷപ്പ് ജേക്കബും വന്നിട്ടുണ്ടായിരുന്നു. തേവോദോസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

15-5-1951. കോട്ടയം. അസോസിയേഷൻ സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കുവാൻ ഇ. ജെ. ഫീലിപ്പോസ്, കെ. ചെറിയാൻ മുതൽപേർ വന്നു. സംഗതികളെപ്പറ്റി സുദീർഘമായ ചർച്ചകളും ആലോചനകളും നടത്തി. മെത്രാച്ചന്മാരെല്ലാവരും, ചില മാനേജിംഗ് കമ്മിറ്റിയംഗങ്ങളും വന്നിട്ടുണ്ട്.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുത്തൻകാവിൽ തിരുമേനി: സഭയെ പ്രാണനായി കരുതിയ മഹിതാചാര്യൻ

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത



മലങ്കരസഭയുടെ രത്നദീപമായ പുത്തൻകാവിൽ തിരുമേനിയുടെ ഓർമ്മകൾ മലങ്കര സഭയ്ക്ക് സമ്മാനിക്കുന്നത് ഏറെ അഭിമാന നിമിഷങ്ങളാണ്. കാതോലിക്കേറ്റിനും സഭയുടെ സ്വാതന്ത്ര്യത്തിനും വേണ്ടി അക്ഷീണം അശ്രാന്തം നിലകൊണ്ട മഹാനുഭാവൻ ആയിരുന്നു പുത്തൻകാവിൽ തിരുമേനി. വിശ്രമമില്ലാത്ത അധ്വാനിയും, ദീർഘവീക്ഷണത്തോടെ സഭയെയും സമൂഹത്തെ നയിക്കുന്നതിൽ കാണിച്ച ക്രാന്തദർശത്വവും ഇമ്പമേറിയ ആരാധനയും അദ്ദേഹത്തെ എക്കാലവും സുപ്രസിദ്ധനും സഭാ സ്നേഹിയുമായി ഗണിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്.

അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതം ക്ഷണികമായിരുന്നെങ്കിലും ആ ജീവിതം സഭാ മക്കൾക്ക് ആവേശവും ആനന്ദവും അളവ് പകർന്നു കൊടുക്കുവാൻ പര്യാപ്തമായ പ്രകാശ ധാരയാണ് എന്നതിൽ സംശയമില്ല. സാധാരണ ജനങ്ങൾക്ക് അനുകരിക്കാനോ പകർത്തിയെടുക്കുവാനോ സാധിക്കാത്ത അത്ര മേധാശക്തി ദൈവം കൊച്ചു തിരുമേനി നൽകിയിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണ ചാരുതയും ആരാധനയിലെ ഇമ്പവും ഏവരെയും അദ്ദേഹത്തിലേക്ക് ആകർഷിച്ചിരുന്നു.

കാതോലിക്കേറ്റിന്റെ കാവൽ ഭടനായി നിലകൊണ്ട തിരുമേനി എക്കാലവും സഭയുടെ സ്വാതന്ത്രവും തനിമയും സംരക്ഷിക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ചിരുന്നു. സഭയുടെ പ്രവർത്തനങ്ങൾക്ക് മങ്ങൽ ഏൽപ്പിക്കത്തക്ക വിധത്തിൽ പുറത്തുനിന്ന് വന്ന സകല ശക്തികൾക്കും എതിരെ ശക്തമായ വാക്കുകൾ കൊണ്ടും പ്രവർത്തനങ്ങൾക്കൊണ്ടും ഒരു ഇടയന്റെ മാന്യതയോടും സഹനത്തോടും കൂടി പെരുമാറുന്നതിനും തന്റെ അജഗണത്തെ സ്ഥിരതയുള്ളവരാക്കി ധൈര്യപൂർവ്വം ഉറപ്പിച്ചു നിർത്തുന്നതിനും പുത്തൻകാവിൽ തിരുമേനിക്ക് സാധിച്ചു എന്നത് അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയാണ്. സഭയുടെ സ്വാതന്ത്ര്യം ആരുടെ മുമ്പിലും അടിയറ വയ്ക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അതിനുവേണ്ടി ശക്തമായി തന്നെ അദ്ദേഹം തന്റെ ജീവിതത്തിൽ പോരാട്ടങ്ങൾ നടത്തിയിരുന്നു.

ബഥേലിലെ താമര ശോഭ ഭൗതീകമായി അസ്തമിച്ചിട്ട് 75 വർഷങ്ങൾ പൂർത്തിയാകുമ്പോൾ മലങ്കര സഭയുടെ തെക്കൻ പ്രദേശങ്ങളിൽ പുത്തൻകാവിൽ കൊച്ചു തിരുമേനി പരത്തിയ സുഗന്ധം ഇന്നും ഒളിമങ്ങാണ്ട് നിലനിൽക്കുന്നു. ആ പിതാവിന്റെ വിശുദ്ധിയുടെ മറവിൽ ഈ വിശ്വാസ സമൂഹം പ്രാർത്ഥനയോടെ ഉറ്റിരിക്കുന്നു. സഭയ്ക്കുവേണ്ടി ജീവിതം ഒഴിഞ്ഞുവെച്ച ആ പുണ്യ പിതാവിന്റെ ഓർമ്മയിൽ നമുക്കും പങ്കുചേരാം പ്രാർത്ഥിക്കാം.

പുത്തൻകാവിൽ തിരുമേനിയുടെ വിടവാങ്ങൽ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകളിൽ നിന്നും

8-4-1951. കോട്ടയം. ഇന്ന് നോമ്പിൽ അഞ്ചാം ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി.

9-4-1951. കോട്ടയം. മൂറോന്റെ സാമാനങ്ങൾ തയ്യാറാക്കാൻ ശെമ്മാശന്മാർ വന്നു. ഇടിച്ചുപൊടിക്കുവാൻ കുറെയുണ്ടായിരുന്നത് പൊടിച്ചു.

10-4-1951. കോട്ടയം. ഇന്നും മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു.

11-4-1951. കോട്ടയം. മദ്രാസിൽ നിന്നും ഒലിവെണ്ണയും മരുന്നുകളും വന്നു. മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു. ശെമ്മാശന്മാർ ചിലർ കൂടി വന്നിട്ടുണ്ട്.

12-4-1951. കോട്ടയം. രണ്ടു വലിയ കുപ്പികളിൽ ഇന്ന് എണ്ണകളും മരുന്നുകളും ചേർത്ത് മൂറോൻ കാച്ചിയെടുത്തു. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ വന്നിട്ടുണ്ട്. അയാൾ മൂറോൻ കൂദാശ സംബന്ധിച്ച ക്രമങ്ങൾ ശെമ്മാശന്മാരെ പഠിപ്പിക്കുന്നു.


13-4-1951. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു.

14-4-1951. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ പള്ളത്തു പള്ളിയിൽ വി. കുർബ്ബാന ചൊല്ലുവാൻ അതിരാവിലെ പോയി. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു. ഇപ്പോൾ ആകെ പത്തു കുപ്പി കാച്ചിയിട്ടുണ്ട്.

15-4-1951. ഇന്ന് നോമ്പിൽ 36-ാം ഞായറാഴ്ചയും കാതോലിക്കാ ദിനവുമായിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം ജനങ്ങൾ കാതോലിക്കാ സിംഹാസനത്തോടുള്ള ഭക്തിയും ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി മുതലായ പള്ളികൾ പൂട്ടിയതിലുള്ള പ്രതിഷേധവും രേഖപ്പെടുത്തിയുള്ള പ്രമേയങ്ങൾ പാസ്സാക്കി. കാതോലിക്കാ ദിനമായ ഇന്ന് നമുക്ക് പലയിടത്തു നിന്നും മംഗളാശംസകൾ വന്നുകൊണ്ടിരിക്കുന്നു.

16-4-1951. കോട്ടയം. കാച്ചിയ മൂറോൻ എല്ലാം വേറെ കുപ്പികളിലേക്കു ഊറ്റി. മദ്ബഹായിൽ കൊണ്ടു വച്ചു. തിരുവാങ്കോട്ടെ ഗീവറുഗീസ് റമ്പാച്ചൻ വന്നിട്ടുണ്ട്.

17-4-1951. കോട്ടയം. രാവിലെ കുന്നംകുളത്ത് കൊച്ചുമെത്രാച്ചന് (മാർ പീലക്സിനോസ്) സുഖമില്ലെന്നു ഇവിടെ അറിവു കിട്ടിയതനുസരിച്ച് മാനേജർ കത്തനാരും യാക്കോബു കത്തനാരും നമ്മുടെ കാറിൽ അങ്ങോട്ടു പോയിരിക്കുന്നു. മൂവാറ്റുപുഴ നിന്നും തീമോത്തിയോസ് മെത്രാച്ചനെ കൂടി അവർ കൊണ്ടുപോയിട്ടുണ്ട്. കൊച്ചുമെത്രാച്ചൻ രാവിലെ .... നു കാലം ചെയ്തു എന്ന് കുന്നംകുളത്തു നിന്നും 12 മണിക്ക് നമുക്കു കമ്പി കിട്ടി. നാം സങ്കടപ്പെടുകയല്ലാതെ എന്തു ചെയ്യാനാണ്. മെത്രാച്ചന്റെ മൃതദേഹം നാളെ ഇതു വഴി പുത്തൻകാവിൽ കൊണ്ടുപോയി കബറടക്കുവാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നു. ജനങ്ങൾ വിവരം അറിയുവാൻ വന്നുകൊണ്ടിരിക്കുന്നു. മറ്റു മെത്രാച്ചന്മാരും റമ്പാച്ചന്മാരും വന്നിട്ടുണ്ട്.



18-4-1951. കോട്ടയം. കൊച്ചുമെത്രാച്ചന്റെ മൃതദേഹം ഇന്നു രാവിലെ എട്ടു മണിയോടു കൂടി ഇവിടെ കൊണ്ടുവന്നു. കൊഹനൈത്തായിലെ അഞ്ചാം തെശ്മെശ്ത്തോയും 'പുശ് ബശ്ലോമോ'യും നാം നടത്തി. വമ്പിച്ച ജനക്കൂട്ടം ഇവിടെ തടിച്ചുകൂടിയിട്ടുണ്ട്. മൃതദേഹം ചീത്തയായി തുടങ്ങിയിട്ടുണ്ടായിരുന്നതിനാൽ അര മണിക്കൂറിനകം ഇവിടെ നിന്നും കൊണ്ടുപോയി. മെത്രാച്ചന്മാരും റമ്പാച്ചന്മാരും അച്ചന്മാരും ശെമ്മാശന്മാരും കൂടെ പോയിട്ടുണ്ടായിരുന്നു. കബറടക്കം കഴിഞ്ഞ് അവർ തിരിച്ചുവന്നു. വലിയ ജനക്കൂട്ടം പുത്തൻകാവിലും ഉണ്ടായിരുന്നു.

3-5-1951. പുത്തൻകാവ്. നാം പഴയസെമിനാരിയിൽ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം മാളിയേക്കൽ പുന്നച്ചന്റെ മകളും തിരുവല്ലാ കണ്ടത്തിൽ മാത്തുള്ള മാപ്പിളയുടെ ഇളയ മകനും തമ്മിലുള്ള വിവാഹം നടത്തിക്കൊടുത്തു. വൈകിട്ടു മൂന്നു മണിക്കുശേഷം നാം ഇങ്ങോട്ടു തിരിച്ചു. 4.30-നു ഇവിടെ എത്തി. ഇവിടെ വിദ്യാർത്ഥി കോൺഫറൻസ് നടന്നുകൊണ്ടിരിക്കയാണ്. കൽക്കട്ടായിലുള്ള ഓക്സ്ഫോർഡ് മിഷനിലെ ഫാ. കാൾട്ടനാണ് പ്രധാന പ്രസംഗകൻ. കൊച്ചുമെത്രാച്ചന്റെ കബറിടം സന്ദർശിച്ചു. തേവോദോസ്യോസ് മെത്രാച്ചൻ ഇവിടെയുണ്ട്. സി. എം. ജോൺ, എം. തൊമ്മൻ, എൻ. എം. തോമസ് ശെമ്മാശൻ, എരുത്തിക്കലച്ചന്റെ മകൻ ശെമ്മാശൻ എന്നിവർ ഇവിടെയുണ്ട്.

4-5-1951. തേവോദോസ്യോസ് മെത്രാച്ചൻ രാവിലെ വി. കുർബ്ബാന ചൊല്ലി. കോൺഫറൻസ് ഭംഗിയായി നടക്കുന്നു. 150 വിദ്യാർത്ഥികളോളം ഈയാണ്ടിൽ കോൺഫറൻസിൽ സംബന്ധിക്കുന്നുണ്ട്. ബഥേലിൽ പോയി കൊച്ചുമെത്രാച്ചന്റെ സാമാനങ്ങൾ തിട്ടപ്പെടുത്തി.

10-5-1951. മാക്കാംകുന്ന് പള്ളി. തുമ്പമൺ ഭദ്രാസന മീറ്റിംഗ്. കാതോലിക്കേറ്റ് ഹൈസ്കൂളിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. മെത്രാൻ സ്ഥാനത്തേക്കു കൊള്ളാവുന്നവരുടെ പേരുകൾ നിർദ്ദേശിക്കുവാൻ നാം മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മീറ്റിംഗിനു ശേഷം നാലു മണിയോടുകൂടി നാം ഇങ്ങോട്ടു പോന്നു. ആറന്മുള കഴിഞ്ഞ് മാർത്തോമ്മാക്കാരും സി.എം.എസ്. കാരും നമ്മെ സ്വീകരിച്ച് ബഹുമാനിച്ചു. ഈ പള്ളിയിടവകക്കാരും വലിയ തോതിൽ ഒരു സ്വീകരണം നമുക്കു തന്നു. നാളെ ഇവിടെ വച്ച് ഇവിടുത്തെ കാവത്ര അച്ചന്റെ മകൻ ശെമ്മാശനും, കീക്കൊഴൂർകാരൻ വറുഗീസ് ശെമ്മാശനും കത്തനാരു പട്ടം കൊടുക്കുവാനാണ് നാം വന്നത്. ഇവിടുത്തെ മീറ്റിംഗിൽ പ്രസംഗിക്കുവാൻ വി. സി. സാമുവേൽ കത്തനാർ വന്നിട്ടുണ്ട്.

16-5-1951. കോട്ടയം. ഇന്ന് മാനേജിംഗ് കമ്മിറ്റി കൂടി. റ്റി. എസ്. ഏബ്രഹാം കത്തനാരും, തേർവേലിൽ റ്റി. ഐ. ജോസഫ് കത്തനാരും സജീവമായി പങ്കെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ തെരഞ്ഞെടുക്കുന്ന വിധത്തെപ്പറ്റി പര്യാലോചിച്ചു. ഓരോ ഭദ്രാസനത്തിൽ നിന്നും ഏതാനും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യണമെന്നും, നാളെ കൂടുന്ന അസോസിയേഷനിൽ അതിൽ നിന്നും അംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. പുതിയ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു ഏഴെട്ടു പേരുകൾ നിർദ്ദേശിച്ചു. നമ്മുടെ അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുന്നത് നമ്മുടെ ഇഷ്ടംപോലെ എന്ന് കമ്മിറ്റി തീരുമാനിച്ചു.

17-5-1951. കോട്ടയം. രാവിലെ മുളന്തുരുത്തി എം. എം. യാക്കോബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. അസോസിയേഷനിൽ സംബന്ധിക്കുവാൻ നാം രാവിലെ 8.30-നു എം.ഡി. സെമിനാരിയിലേക്കു പോയി. പത്തു മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു. മറ്റു മെത്രാച്ചന്മാർ എല്ലാവരും ഉണ്ടായിരുന്നു. നമ്മുടെ ഭൂരിപക്ഷം പള്ളികളിൽ നിന്നും പ്രതിനിധികളും വികാരിമാരും വന്നിരുന്നു. പി. ഈ. ദാനിയേൽ കത്തനാരെയും, വി. കെ. മാത്യു കത്തനാരെയും മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയംഗങ്ങളെയും തെരഞ്ഞെടുത്തു. ഭരണഘടനയിൽ അല്പസ്വല്പം വ്യത്യാസം വരുത്തണമെന്ന് അഭിപ്രായം ഉണ്ടായതിനാൽ അതിന് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. അവർ ആവശ്യമായ ഭേദങ്ങൾ വരുത്തി അടുത്ത മാനേജിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും തീരുമാനിച്ചു. വൈകിട്ട് നാലു മണിയോടു കൂടി സമ്മേളനം അവസാനിച്ചു. മാളിയേക്കൽ മാണി അബ്രഹാമിന്റെ നേതൃത്വത്തിലുണ്ടായിരുന്ന വാളന്റിയർ സംഘം വളരെ പ്രയോജനപ്രദമായി ജോലി ചെയ്തു. നാം 4.30-നു ഇവിടെയെത്തി.

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ബെഥാന്യയിൽ യേശുവിനെ തൈലം പൂശിയ സ്ത്രീ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിലെ സുവിശേഷങ്ങൾ, യേശുവിന്റെ ജീവിതത്തെക്കുറിച്ച് അറിയാൻ സഹായിക്കുന്ന പ്രധാനപ്പെട്ട രേഖകളാണ്. അവയിലൂടെ യേശുവിന്റെ ദൗത്യം, ആത്മീയ സന്ദേശങ്ങൾ, മനുഷ്യരെക്കുറിച്ചുള്ള അവന്റെ ദർശനം എന്നിവ നമുക്ക് മനസ്സിലാക്കാം. ഈ സുവിശേഷങ്ങളിൽ നിരവധി ശ്രദ്ധേയമായ സംഭവങ്ങൾ ഉണ്ടെങ്കിലും, ബെഥാന്യയിൽ ഒരു സ്ത്രീ യേശുവിനെ തൈലം പൂശിയ സംഭവം പ്രത്യേക പ്രാധാന്യമുള്ളതാണ്.

ഈ സംഭവം മത്തായി 26:6–13, മർക്കോസ് 14:3–9, യോഹന്നാൻ 12:1–8 എന്നീവിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ ജീവിതത്തിലെ അവസാന ദിവസങ്ങളുമായി ബന്ധപ്പെട്ട ഈ സംഭവം ആഴമുള്ള ആത്മീയവും സാമൂഹികവുമായ സന്ദേശങ്ങൾ നൽകുന്നതാണ്. ഈ സ്ത്രീയുടെ പ്രവൃത്തി ഒരു സാധാരണ സ്നേഹപ്രകടനം മാത്രമല്ല; അതിൽ ശക്തമായ വിശ്വാസവും ആത്മീയ ധൈര്യവും അടങ്ങിയിരിക്കുന്നു.

യേശുവിന്റെ കാലത്ത് സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ സ്വാതന്ത്ര്യം വളരെ കുറവായിരുന്നു. പലപ്പോഴും അവർക്ക് പിതാവിന്റെയോ ഭർത്താവിന്റെയോ നിയന്ത്രണത്തിൽ ജീവിക്കേണ്ടിവന്നു. എന്നാൽ ഈ സ്ത്രീയാകട്ടെ സമൂഹത്തിലെ നിയന്ത്രണങ്ങളെ മറികടന്ന്, പൊതുവേദിയിൽ യേശുവിനെ വിലയേറിയ തൈലം കൊണ്ട് അഭിഷേകം ചെയ്തു.

ഈ സംഭവം ഒരു സാധാരണ ആചാരമായി മാത്രം കാണാനാകില്ല. യേശുവിനെ തൈലം പൂശിയതു വഴി അവളുടെ ഹൃദയത്തിലെ ശുദ്ധിയും ദൈവത്തോടുള്ള ആത്മാർത്ഥതയും പ്രകടിപ്പിക്കുന്നു. മറ്റുള്ളവരുടെ വിമർശനങ്ങളെ മറികടന്നാണ് അവൾ ഈ പ്രവൃത്തി ചെയ്തത്. ഇതിലൂടെ വിശ്വാസവും സ്നേഹവും ഒരാളുടെ സാമൂഹിക സ്ഥാനത്തെ ആശ്രയിച്ചല്ലെന്ന സന്ദേശം നമുക്ക് ലഭിക്കുന്നു.

മൊത്തത്തിൽ, ബെഥാന്യയിൽ നടന്ന ഈ സംഭവം യേശുവിന്റെ ദൗത്യം, അവന്റെ ജീവിതത്തിലെ അവസാന ഘട്ടം, സ്ത്രീകളുടെ പങ്ക് എന്നിവയെക്കുറിച്ച് നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം, നമ്മുടെ ജീവിതത്തിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മഹത്വം മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

1. സാമൂഹിക പശ്ചാത്തലം

യേശുവിന്റെ കാലത്തെ യെഹൂദ സമൂഹത്തിൽ പുരുഷാധിപത്യമായിരുന്നു. ആ കാലത്ത് സ്ത്രീകൾക്ക് പൊതുജീവിതത്തിൽ സ്വാതന്ത്ര്യം വളരെ കുറവായിരുന്നു. രാഷ്ട്രീയ, സാമ്പത്തിക, മതപരമായ പ്രധാന കാര്യങ്ങളിൽ അവർക്ക് വലിയ പങ്കില്ലായിരുന്നു. പലപ്പോഴും അവരുടെ ജീവിതം പിതാവിന്റെയോ ഭർത്താവിന്റെയോ നിയന്ത്രണത്തിലായിരുന്നു.

ഇത്തരം സാഹചര്യത്തിൽ ബെഥാന്യയിൽ നിന്നുള്ള ഈ സ്ത്രീ ഒരു സാധാരണ ഗ്രാമീണ കുടുംബത്തിൽപ്പെട്ടവളായിരുന്നു. അവളുടെ കുടുംബം സമ്പന്നമോ ശക്തമോ ആയിരുന്നില്ല. എന്നാൽ, സാധാരണ ജീവിതം നയിച്ചിരുന്നിട്ടും, അവൾക്ക് യേശുവിനോടുള്ള ആത്മീയബോധവും വിശ്വാസവും സ്നേഹവും വളരെ ആഴത്തിലുള്ളതായിരുന്നു. സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ സ്വാതന്ത്ര്യം കുറവായിരുന്ന കാലത്തും, അവളുടെ ഹൃദയത്തിൽ യേശുവിനോടുള്ള വിശ്വാസവും ആത്മാർത്ഥതയും ആരാധനയും ശക്തമായിരുന്നു എന്ന് ഈ സംഭവം കാണിക്കുന്നു.



ഈ പശ്ചാത്തലം മനസ്സിലാക്കുമ്പോൾ, അവളുടെ പ്രവൃത്തി ഒരു സാധാരണ ആചാരമല്ലെന്ന് നമുക്ക് വ്യക്തമാകും. അത് സാമൂഹിക നിയന്ത്രണങ്ങളെ മറികടന്ന ആത്മീയ ധൈര്യത്തിന്റെ ഒരു ഉദാഹരണമാണ്. അവൾ ഒരു സാധാരണ സ്ത്രീയായിരുന്നെങ്കിലും, അവളുടെ വിശ്വാസവും സ്നേഹവും അവളെ പ്രത്യേകതയുള്ളവളായി മാറ്റി. അതുകൊണ്ടുതന്നെ അവൾ ചരിത്രത്തിൽ ഓർക്കപ്പെടുന്ന ഒരാളായി മാറി.

2. വ്യക്തിപരമായ സവിശേഷതകൾ

ബെഥാന്യയിൽ യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്ത സ്ത്രീയുടെ പ്രവൃത്തിയിൽ അവളുടെ ആത്മീയബോധം, വിശ്വാസം, സ്നേഹം, ധൈര്യം എന്നിവ വ്യക്തമായി കാണാം.

ആദ്യമായി, ഈ സ്ത്രീയ്ക്ക് വളരെ ആഴമുള്ള ആത്മീയബോധമുണ്ടായിരുന്നു. അവൾ ഉപയോഗിച്ച സ്വച്ഛജടാമാംസി തൈലം വളരെ വിലയേറിയതായിരുന്നു. സാധാരണയായി ഇത്തരം തൈലം ധനികർക്കും രാജാക്കന്മാർക്കും

മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ, ഈ സ്ത്രീ അതിന്റെ സാമ്പത്തിക മൂല്യം മാത്രം കണക്കാക്കാതെ, അതിന്റെ ആത്മീയ അർത്ഥം മനസ്സിലാക്കി. യേശുവിന്റെ മഹത്വവും അവന്റെ ദൗത്യത്തിന്റെ പ്രാധാന്യവും അവൾ തന്റെ ഹൃദയത്തിൽ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണ് ഏറ്റവും വിലപ്പെട്ടതായിരുന്ന ഈ തൈലം യേശുവിന് സമർപ്പിക്കാൻ അവൾക്ക് കഴിഞ്ഞത്. ഇത് ഒരു സാധാരണ പ്രവർത്തിയല്ലായിരുന്നു; മറിച്ച്, അവളുടെ ഉള്ളിലെ വിശ്വാസവും ആദരവും സ്നേഹവും നിറഞ്ഞ ഒരു ആത്മീയ സമർപ്പണമായിരുന്നു. അവൾ ചെയ്ത ഈ പ്രവൃത്തിയിലൂടെ, യേശുവിന്റെ മഹത്വത്തെ അവൾ എത്ര ആഴത്തിൽ മനസ്സിലാക്കിയിരുന്നുവെന്ന് വ്യക്തമായി കാണാൻ കഴിയും.

രണ്ടാമതായി, ഈ സ്ത്രീയുടെ വിശ്വാസം വളരെ ശക്തമായിരുന്നു. അവൾ യേശുവിനെ സ്വച്ഛജടാമാംസി തൈലം കൊണ്ട് അഭിഷേകം ചെയ്തത് വെറും ഒരു സ്നേഹപ്രകടനം മാത്രമല്ല. അതിന് പിന്നിൽ ആഴത്തിലുള്ള വിശ്വാസവും ആത്മാർത്ഥതയും ഉണ്ടായിരുന്നു. യേശുവിന്റെ ജീവിതവും അവന്റെ ദൗത്യവും മനുഷ്യരോടുള്ള കരുണയും അവൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അവൾ ഈ പ്രവൃത്തി ചെയ്തത്. അവൾ യേശുവിനെ ഒരു സാധാരണ മനുഷ്യനായി കാണാതെ, ഒരു ഗുരുവായും ദൈവത്തിലേക്ക് വഴി കാണിക്കുന്നവനായും കണ്ടിരുന്നു. അവന്റെ വാക്കുകളിലും പ്രവർത്തികളിലും ദൈവത്തിന്റെ സാന്നിധ്യം അവൾ അനുഭവിച്ചു. അതിനാൽ, അവൾ ചെയ്ത അഭിഷേകം അവളുടെ വിശ്വാസത്തിന്റെ ഒരു പ്രകടനമായിരുന്നു. അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന ആദരവും ഭക്തിയും വിശ്വാസവും ഈ പ്രവൃത്തിയിലൂടെ വ്യക്തമായി പുറത്തുവന്നു.

മൂന്നാമതായി, ഈ സ്ത്രീയുടെ സ്നേഹം വളരെ ആഴമുള്ളതായിരുന്നു. അവൾ യേശുവിനെ അഭിഷേകം ചെയ്തത് ഒരു സാധാരണ പ്രവർത്തിയായി കാണാൻ കഴിയില്ല. അത് അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന സ്നേഹവും ആദരവും തുറന്നുപറയുന്ന ഒരു പ്രവൃത്തിയായിരുന്നു. അവൾ യേശുവിനെ സ്നേഹിച്ചതും അവനോട് ബഹുമാനം കാട്ടിയതും വാക്കുകളിൽ മാത്രം ഒതുങ്ങിയിരുന്നില്ല; അത് പ്രവൃത്തിയിലൂടെ അവൾ പ്രകടിപ്പിച്ചു. അവളുടെ സ്നേഹം സ്വാർത്ഥതയില്ലാത്തതും സത്യസന്ധവുമായിരുന്നതുകൊണ്ടാണ് ഏറ്റവും വിലപ്പെട്ടതായിരുന്ന തൈലം പോലും യേശുവിന് സമർപ്പിക്കാൻ അവൾക്ക് കഴിഞ്ഞത്.

ഇത്തരത്തിലുള്ള സ്നേഹവും വിശ്വാസവും മറ്റുള്ളവർക്കും ഒരു നല്ല മാതൃകയാകുന്നു. ഒരാൾ തന്റെ ഹൃദയത്തിലെ സ്നേഹം സത്യസന്ധമായി പ്രകടിപ്പിക്കുമ്പോൾ, അത് ചുറ്റുപാടിലുള്ള ആളുകളെയും സ്വാധീനിക്കുന്നു. അത് മറ്റുള്ളവരിൽ പ്രചോദനവും ആത്മാർത്ഥതയും വളർത്തുന്നു. അതുകൊണ്ട്, ഈ സ്ത്രീയുടെ സ്നേഹം വെറും വ്യക്തിപരമായൊരു വികാരം മാത്രമല്ല; അത് മറ്റുള്ളവരിലും നല്ല സ്വാധീനം ചെലുത്തുന്ന ഒരു ആത്മീയ ശക്തിയായിരുന്നു.

നാലാമതായി, ഈ സ്ത്രീയുടെ ധൈര്യം വളരെ ശ്രദ്ധേയമാണ്. ആ കാലഘട്ടത്തിൽ സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ സ്വതന്ത്രമായി ഇടപെടാൻ പല നിയന്ത്രണങ്ങളും ഉണ്ടായിരുന്നു. പല സാഹചര്യങ്ങളിലും അവർ പിന്നിൽ നിൽക്കേണ്ടി വന്നിരുന്നു. എന്നാൽ, ഈ സ്ത്രീ അത്തരം തടസ്സങ്ങളൊന്നും പരിഗണിക്കാതെ മുന്നോട്ട് വന്നു. അവൾ ഭയപ്പെടാതെ എല്ലാവരുടെയും മുന്നിൽ യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്തു. ഇത് അവളുടെ ആത്മവിശ്വാസവും ഉള്ളിലെ ആത്മീയ ധൈര്യവും വ്യക്തമാക്കുന്നു.

അവൾക്ക് സമൂഹത്തിന്റെ വിമർശനങ്ങളെക്കാൾ യേശുവിനോടുള്ള സ്നേഹവും വിശ്വാസവും പ്രധാനമായിരുന്നു. അതുകൊണ്ടാണ് അവൾ ധൈര്യത്തോടെ തന്റെ വിശ്വാസം പ്രവൃത്തിയിലൂടെ പ്രകടിപ്പിച്ചത്. ഈ പ്രവൃത്തി കാണിക്കുന്നത്, യഥാർത്ഥ വിശ്വാസം ഉണ്ടെങ്കിൽ ഭയം മാറിപ്പോകും എന്നതാണ്.

ഇതിലൂടെ, ഈ സ്ത്രീ വിശ്വാസം, സ്നേഹം, സമർപ്പണം, ധൈര്യം എന്നിവയൊക്കെ ഒരുമിച്ചുള്ള വ്യക്തിയായി നമുക്ക് മുന്നിൽ നിലകൊള്ളുന്നു. അവളുടെ പ്രവർത്തി ലളിതമായി തോന്നിച്ചാലും, അതിന്റെ അർത്ഥം വളരെ ആഴമുള്ളതാണ്. അതിലെ ആത്മാർത്ഥതയും സൗന്ദര്യവും കാരണം, ഈ സംഭവം എപ്പോഴും ഓർക്കപ്പെടുന്ന ഒന്നായി മാറിയിരിക്കുന്നു.

3. അവളുടെ സംഭാവനകൾ

ബെഥാന്യയിലെ ഈ സ്ത്രീ ചെയ്ത പ്രവൃത്തി ചെറിയതായി തോന്നിയാലും, അതിന്റെ അർത്ഥം വളരെ ആഴമുള്ളതാണ്. ഈ സംഭവത്തിൽ ആത്മീയവും സാമൂഹികവും വ്യക്തിപരവുമായ നിരവധി സന്ദേശങ്ങൾ നമുക്ക് വ്യക്തമായി കാണാൻ കഴിയും.

ആദ്യമായി, അവളുടെ പ്രവൃത്തി ഒരു വലിയ ആത്മീയ സന്ദേശം നൽകുന്നു. അവൾ യേശുവിനെ സ്വച്ഛജടാമാംസി തൈലം കൊണ്ട് അഭിഷേകം ചെയ്തത് വഴി അവനോടുള്ള ആഴത്തിലുള്ള ആദരവും ഭക്തിയും പ്രകടിപ്പിക്കുകയാണ്. ഇത് യേശുവിന്റെ ജീവിതത്തെയും അവന്റെ ദൗത്യത്തെയും അവൾ അംഗീകരിച്ചിരുന്നുവെന്ന് കാണിക്കുന്നു. അവൾ യേശുവിന്റെ മഹത്വം മനസ്സിലാക്കി തന്റെ സ്നേഹവും വിശ്വാസവും അവന് സമർപ്പിച്ചു. ഇതിലൂടെ ദൈവരാജ്യത്തിന്റെ സന്ദേശം വലിയവർക്കു മാത്രമല്ല, സാധാരണ മനുഷ്യർക്കും അനുഭവിക്കാനും പ്രകടിപ്പിക്കാനും കഴിയുമെന്ന് നമുക്ക് മനസ്സിലാക്കാം.

രണ്ടാമതായി, ഈ സംഭവത്തിൽ ഒരു പ്രധാന സാമൂഹിക സന്ദേശവും ഉണ്ട്. ഈ സ്ത്രീയുടെ പ്രവൃത്തി നമ്മെ പഠിപ്പിക്കുന്നത്, സ്ത്രീകൾക്കും സാധാരണ ജീവിതം നയിക്കുന്നവർക്കും വിശ്വാസത്തിലൂടെ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും എന്നതാണ്. വലിയ അധികാരമോ സമ്പത്തോ ഇല്ലാത്തവർക്കും ദൈവത്തോടുള്ള സ്നേഹവും ആത്മാർത്ഥതയും പ്രകടിപ്പിക്കാൻ കഴിയും. അതുകൊണ്ട്, സമൂഹത്തിൽ പിന്നിലാക്കപ്പെട്ടവർക്കും വിലയുണ്ടെന്നും അവരുടെ പങ്ക് പ്രധാനമാണെന്നും ഈ സംഭവം വ്യക്തമാക്കുന്നു. ഇത് സ്ത്രീകളുടെ പങ്കാളിത്തത്തിനും അവരുടെ ആത്മീയ സ്ഥാനത്തിനും പ്രാധാന്യം നൽകുന്ന ഒരു ഉദാഹരണമാണ്.

മൂന്നാമതായി, അവളുടെ പ്രവൃത്തി സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരുടെ മൂല്യം ഉയർത്തിക്കാട്ടുന്നു. സാധാരണ ജനങ്ങളുടെ വിശ്വാസവും പ്രാർത്ഥനയും ദൈവത്തിന് വിലപ്പെട്ടതാണ് എന്ന സത്യം ഇതിലൂടെ വെളിവാകുന്നു. ഒരു സാധാരണ സ്ത്രീയായിരുന്നിട്ടും, അവൾ തന്റെ പരിധികളെ മറികടന്ന് യേശുവിനെ ആദരിച്ചു. അവളുടെ ഈ ചെറിയ പ്രവർത്തി വലിയൊരു സന്ദേശമായി മാറി. ഒരാളുടെ സ്ഥാനം അല്ല, അവന്റെ ഹൃദയത്തിലെ ആത്മാർത്ഥതയാണ് പ്രധാനമെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. വിശ്വാസം, സ്നേഹം, സമർപ്പണം, ധൈര്യം എന്നീ ഗുണങ്ങൾ ആരുടെയും ജീവിതത്തിൽ ഉണ്ടാകാം എന്നതാണ്. ഈ ഗുണങ്ങൾ ഉള്ളപ്പോൾ, ഒരാൾക്ക് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു.

അങ്ങനെ, ബെഥാന്യയിലെ ഈ സ്ത്രീ ഒരു ആത്മീയ മാതൃകയായി നമുക്ക് മുന്നിൽ നിലകൊള്ളുന്നു. അവൾ ചെയ്ത പ്രവൃത്തി ചെറിയതാണെന്ന് തോന്നിയാലും, അതിലൂടെ ലഭിക്കുന്ന പാഠങ്ങൾ വളരെ വലുതാണ്. അതിനാൽ, അവളുടെ പ്രവൃത്തി ഇന്നും നമ്മെ പ്രചോദിപ്പിക്കുന്ന ഒരു സ്ഥിരമായ സംഭാവനയായി തുടരുന്നു.

4. ആത്മീയവും വൈകാരികവുമായ സന്ദേശങ്ങൾ

ബെഥാന്യയിൽ യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്ത സ്ത്രീയുടെ പ്രവൃത്തി ആത്മീയവും വൈകാരികവുമായ നിരവധി സന്ദേശങ്ങൾ നൽകുന്നു. ഇവ വ്യക്തിപരമായും ജീവിതപാഠങ്ങളായും നമുക്ക് ഉപകാരപ്പെടുന്നു.

ആദ്യമായി, ഈ പ്രവൃത്തി ഒരു പ്രവചനത്തിന്റെ സ്വഭാവം കാണിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ അവസാന ദിവസങ്ങൾ അടുത്തുവരുന്ന സമയമായിരുന്നു അത്. അവന്റെ മരണത്തെയും ഉയിർപ്പിനെയും മുൻകൂട്ടി സൂചിപ്പിക്കുന്ന ഒരു പ്രവർത്തിയായി ഇതിനെ കാണാം. തൈലം ഉപയോഗിച്ച് അഭിഷേകം ചെയ്തത്, യേശുവിനെക്കുറിച്ചുള്ള അവളുടെ ആഴമുള്ള ആത്മീയ ബോധം വ്യക്തമാക്കുന്നു.

രണ്ടാമതായി, ഇത് സ്വാർത്ഥതയില്ലാത്ത സമർപ്പണത്തിന്റെ ഉദാഹരണമാണ്. സ്വച്ഛജടാമാംസി തൈലം വളരെ വിലയേറിയതാണ്. സാധാരണയായി സമ്പന്നർക്കോ രാജാക്കന്മാർക്കോ മാത്രമാണ് ഇത് ഉപയോഗിക്കുന്നത്. എന്നാൽ അവൾ അതിന്റെ വിലയെക്കാൾ അതിന്റെ ആത്മീയ അർത്ഥം മുൻനിർത്തി യേശുവിന് സമർപ്പിച്ചു. ഇത് സ്നേഹത്തോടും വിശ്വാസത്തോടും കൂടിയ സത്യസന്ധമായ ഒരു സമർപ്പണമാണ്.

മൂന്നാമതായി, ഈ പ്രവൃത്തി സ്നേഹത്തിന്റെ ശക്തി കാണിക്കുന്നു. യേശുവിനെ അഭിഷേകം ചെയ്യുന്നത് അവളുടെ ആദരവും സ്നേഹവും പ്രകടിപ്പിക്കുന്നതാണ്. ഒരാൾ തന്റെ സ്നേഹവും ആത്മാർത്ഥതയും ഇങ്ങനെ പ്രകടിപ്പിക്കുമ്പോൾ, അത് മറ്റുള്ളവരിലും നല്ല സ്വാധീനം ഉണ്ടാക്കും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അവസാനമായി, ഈ പ്രവൃത്തി സാമൂഹിക നിയന്ത്രണങ്ങളെ മറികടക്കാനുള്ള ധൈര്യം കാണിക്കുന്നു. ആ കാലത്ത് സ്ത്രീകൾക്ക് സ്വാതന്ത്ര്യം വളരെ കുറവായിരുന്നു. എന്നിരുന്നാലും, അവൾ ഭയപ്പെടാതെ പൊതുവേദിയിൽ യേശുവിനെ അഭിഷേകം ചെയ്തു. ഇത് അവളുടെ വിശ്വാസത്തിന്റെ ശക്തി വ്യക്തമാക്കുന്നു.

ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, ദൈവത്തിന്റെ മുമ്പിൽ സാമൂഹിക സ്ഥാനം പ്രധാനമല്ല എന്നതാണ്. വിശ്വാസവും ധൈര്യവും ആത്മാർത്ഥതയും ആണ് പ്രധാനപ്പെട്ടത്. ഇതിലൂടെ, ബെഥാന്യയിലെ ഈ സ്ത്രീയുടെ പ്രവൃത്തി ലളിതമായതായി തോന്നിച്ചാലും, അതിൽ ആഴമുള്ള ആത്മീയവും വൈകാരികവുമായ സന്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പാഠങ്ങൾ ഇന്നും നമ്മുടെ ജീവിതത്തിന് പ്രചോദനമാണ്.

ബെഥാന്യയിൽ യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്ത സ്ത്രീ, ഒരു സാധാരണ ഗ്രാമീണ സ്ത്രീയായിരുന്നുവെങ്കിലും, വിശ്വാസം, സ്നേഹം, സമർപ്പണം, ആത്മീയബോധം എന്നിവയുടെ പ്രതീകമായി മാറി. അവൾ ചെയ്ത പ്രവൃത്തി ലളിതമായി തോന്നിയാലും, അതിന്റെ അർത്ഥം വളരെ ആഴമുള്ളതാണ്.

ഈ സംഭവത്തിൽ നിന്ന് നമുക്ക് പല പാഠങ്ങൾ പഠിക്കാം. ആദ്യമായി, യഥാർത്ഥ വിശ്വാസം ഒരാളുടെ സാമൂഹിക സ്ഥാനത്തെയോ സമ്പത്തിനെയോ ആശ്രയിച്ചല്ല എന്ന് മനസ്സിലാക്കാം. ഒരു സാധാരണ സ്ത്രീ പോലും ആത്മാർത്ഥതയോടും സമർപ്പണത്തോടും പ്രവർത്തിച്ചാൽ വലിയ മാറ്റം സൃഷ്ടിക്കാനാകുമെന്ന് ഇത് കാണിക്കുന്നു.

രണ്ടാമതായി, ഈ സംഭവത്തിൽ കാണുന്ന സ്നേഹവും ധൈര്യവും ആത്മീയബോധവും ഒരാളുടെ ജീവിതത്തിലും സമൂഹത്തിലും വലിയ സ്വാധീനം ചെലുത്തുന്നു. സമൂഹത്തിലെ നിയന്ത്രണങ്ങളും വിമർശനങ്ങളും മറികടന്ന് ചെയ്ത ഒരു ചെറിയ പ്രവൃത്തി പോലും വലിയ പ്രചോദനമായി മാറാം. അവളുടെ പ്രവർത്തി മറ്റുള്ളവർക്കും പ്രചോദനമായി മാറി.

മൂന്നാമതായി, യേശുവിന്റെ ദൗത്യത്തിൽ എല്ലാവർക്കും സ്ഥാനം ഉണ്ടെന്ന് ഈ സംഭവം കാണിക്കുന്നു. പ്രത്യേകിച്ച് സമൂഹത്തിൽ അവഗണിക്കപ്പെടുന്നവർക്കും ദൈവരാജ്യത്തിൽ വിലയുണ്ട്. ഒരാളുടെ സ്ഥാനം അല്ല, അവന്റെ വിശ്വാസവും ആത്മാർത്ഥതയും ആണ് പ്രധാനപ്പെട്ടത്.

അതുകൊണ്ട്, ഈ സംഭവത്തിന്റെ സന്ദേശം നമ്മുടെ ജീവിതത്തിലും പ്രയോഗിക്കേണ്ടതാണ്. വിശ്വാസത്തോടും സ്നേഹത്തോടും ബഹുമാനത്തോടും കൂടി ചെയ്യുന്ന ഒരു ചെറിയ പ്രവൃത്തി പോലും ലോകത്തിന് വലിയ സന്ദേശമായി മാറാം.

ഇങ്ങനെ, ബെഥാന്യയിലെ ഈ സ്ത്രീയുടെ പ്രവൃത്തി ലളിതമായതാണെങ്കിലും, അത് ആത്മീയവും സാമൂഹികവുമായ വലിയ പാഠങ്ങൾ നൽകുന്നു. വിശ്വാസം, സ്നേഹം, ധൈര്യം, സമർപ്പണം എന്നിവയുടെ മഹത്വം നമ്മെ പഠിപ്പിക്കുന്ന ഈ സംഭവം ഇന്നും നമ്മുടെ ജീവിതത്തിന് ഒരു വലിയ പ്രചോദനമാണ്.



തുമ്പമൺ ഏറം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ ശതോത്തര രജത ജൂബിലി പതാക ഘോഷയാത്ര പത്തനംതിട്ട ബേസിൽ അരമനയിൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഏബ്രഹാം മാർ സെറാഫിം ഉദ്ഘാടനം ചെയ്യുന്നു. ഫാ. ടൈറ്റസ് ജോർജ് ,ഫാ. ലിനു എം. ബാബു, ബിജു വർഗ്ഗീസ് , ഫാ. സി.കെ തോമസ്(വികാരി), ഫിലിപ്പ് എം. സാമുവേൽ കോർഎപ്പിസ്കോപ്പാ, അനി കിഴക്കുപുറം ബിനു വർഗ്ഗീസ്, ജോർജ് തോമസ്, ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർ എപ്പിസ്ക്കോപ്പാ എന്നിവർ സമീപം.



ആരോഗ്യ മേഖല സംബന്ധിച്ച് റഷ്യൻ പാർലമെന്റിന്റെ അധോസഭയായ സ്റ്റേറ്റ് ഡ്യൂമയിൽ നടന്ന ബ്രിക്സ് രാജ്യങ്ങളുടെ ത്രിദിന ടിയർ-2 സമ്മേളനത്തിൽ ചാണ്ടി ഉമ്മൻ എംഎൽഎ പങ്കെടുത്ത് ആയുർവേദത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി പ്രസംഗിച്ചു.



ജോർജിയൻ അവാർഡ് ഫോർ എക്സലൻസ് ജോർജ് ജേക്കബ് മുത്തൂറ്റിന്

പത്തനംതിട്ട: മൈലപ്ര വലിയപള്ളി പെരുന്നാളിനോട് അനുബന്ധിച്ച് നൽകി വരാറുള്ള ജോർജിയൻ അവാർഡ് ഫോർ എക്സലൻസ് 2026 പ്രശസ്ത വ്യവസായിയും മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാനും ആയ ജോർജ് ജേക്കബ് മുത്തൂറ്റിന്. വ്യവസായ രംഗത്തെ മികവും സഭയുടെ വളർച്ചക്ക് നൽകുന്ന മേഖലകളിലെ വിവിധ സംഭാവനകളും പരിഗണിച്ചാണ് ഈ അവാർഡ് നൽകുന്നത്. മെയ് മൂന്നിന് വി. കുർബ്ബാനക്ക് ശേഷം നടക്കുന്ന ചടങ്ങിൽ ആണ് ഈ അവാർഡ് സമ്മാനിക്കുന്നത്.

തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഏബ്രഹാം മാർ സെറാഫിം അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ആശംസ അറിയിച്ചു സംസാരിക്കും.

പാറേട്ട് ആശുപത്രിക്ക് 19.8 ലക്ഷം രൂപയുടെ സഹായവുമായി മുത്തൂറ്റ് ഗ്രൂപ്പ്

കോട്ടയം: മുത്തൂറ്റ് എം. ജോർജ് ഫൗണ്ടേഷൻ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി, പുതുപ്പള്ളി പാറേട്ട് മാർ ഇവാനിയോസ് ആശുപത്രിക്ക് 19.8 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കൈമാറി.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് മുത്തൂറ്റ് ഗ്രൂപ്പ് കോട്ടയം ജെ.എം.ഡി. ഓഫീസ് മാനേജർ രാജ് ഫിലിപ്പ് സഹായധനം കൈമാറി. ചടങ്ങിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായും പങ്കെടുത്തു. പ്രതിമാസം 1.65 ലക്ഷം രൂപ വീതം 12 മാസത്തേക്കാണ് ഈ ധനസഹായം ലഭ്യമാക്കുന്നത്. സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമാകുന്ന രീതിയിൽ ഡയാലിസിസ് ചികിത്സ, ഓർത്തോപീഡിക് ശസ്ത്രക്രിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗങ്ങൾക്കായിട്ടാണ് തുക വിനിയോഗിക്കുക. ഇതിൽ ഡയാലിസിസ് ചികിത്സയ്ക്കായി 12 ലക്ഷം രൂപയും, വിവിധ ഓർത്തോപീഡിക് ശസ്ത്രക്രിയകൾക്കായി 6 ലക്ഷം രൂപയും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ക്കായി 1.80 ലക്ഷം രൂപയുമാണ് മുത്തൂറ്റ് ഗ്രൂപ്പ് കൈമാറിയിട്ടുള്ളത്.

വചനതീർത്ഥം



പുതു ഞായറാഴ്ച്ചക്ക് ശേഷമുള്ള രണ്ടാം ഞായർ

(യോഹന്നാൻ 21:15–19)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ശിഷ്യത്വത്തിന്റെ വലയത്തിനുള്ളിൽ നിൽക്കുമ്പോഴും തന്റെ സഹനാനുഭവത്തിന്റെ കാലത്ത് കർത്താവിനെ നിഷ്കരണം തള്ളിപ്പറഞ്ഞ പത്രോസിനെ പുനരുത്ഥാനത്തിനു ശേഷം തന്റെ സ്നേഹവലയത്തിലേക്ക് കർത്താവ് സ്ഥിരപ്പെടുത്തുന്ന വേദഭാഗം ആണിത്. ഏതാണ്ട് മൂന്ന് വർഷങ്ങൾക്ക് മുന്പ് ശിഷ്യത്വത്തിലേക്ക് വിളി ലഭിച്ചവൻ, മനുഷ്യാവതാര കാലത്തെ അതി പ്രധാന സംഭവങ്ങൾക്ക് സാക്ഷിയായവൻ തുടങ്ങിയ തൻറെ ശിഷ്യത്വ നിയോഗങ്ങളെക്കാളും പത്രോസിന് തന്റെ ജീവിതത്തിന്റെ അർത്ഥം മനസ്സിലായത് ഈ സംഭവത്തോടെ ആണെന്ന് നമുക്ക് മനസ്സിലാക്കാം. ജീവിത വഴികളിൽ ഇടറി പോയവർക്കും വീണു പോയവർക്കും ഇനിയും അവസരം ഉണ്ട് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ വേദ ഭാഗം.

നീ എന്നെ സ്നേഹിക്കുന്നുവോ?

ഉയിർത്തെഴുന്നേറ്റവനായ കർത്താവിന്റെ മുമ്പിൽ ഏറെ കുറ്റബോധത്തോടെ ആവാം പത്രോസ് നിൽക്കുന്നത്. എന്നാൽ അപമാനത്തിന്റെ വാക്കുകളോ ഇന്നലെകളുടെ ചോദ്യം ചെയ്യലുകളോ ഒന്നുമില്ലാതെ നീ എന്നെ സ്നേഹിക്കുന്നുവോ എന്ന തീർത്തും വ്യക്തിപരമായ ഒരു ചോദ്യത്തോടെയാണ് കർത്താവ് പത്രോസിനെ എതിരിടുന്നത്. വളരെ മനശാസ്ത്രപരമായ ഒരു സമീപനമാണ് കർത്താവിന്റേതെന്ന് സംശയം പറയാം. കലഹിച്ചിരുന്ന രണ്ടു വ്യക്തികൾ തമ്മിൽ രമ്യതയിൽ ആകുമ്പോഴും ഇന്നലെകളിലെ വീഴ്ചകളെയും മുറിവുകളെയും പരസ്പരം പറഞ്ഞ് അവസാനിപ്പിക്കുക എന്നത് സ്വാഭാവികമായ പ്രക്രിയയാണ്. നിഷ്കരണം ഗുരുവിനെ തള്ളിക്കളഞ്ഞ ശിഷ്യനോട് അതിൻറെ ശരി തെറ്റുകളെ കുറിച്ച് യാതൊന്നും അന്വേഷിക്കാതെ നീ എന്നെ സ്നേഹിക്കുന്നുവോ എന്നാണ് ഗുരു ചോദിക്കുന്നത്. കോഴി കൂകിയ നേരം കർത്താവ് തിരിഞ്ഞുനോക്കിയപ്പോൾ ഉണ്ടായതിലും ശക്തമായ അനുതാപം പത്രോസിന് ഉണ്ടായത് ഈ സമയത്താകാം.

നീ എന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിന് ഇത്രയൊക്കെ താൻ ചെയ്തിട്ടും ഗുരു ഇപ്പോഴും എന്നെ സ്നേഹിക്കുന്നുണ്ടല്ലോ എന്നൊരു അർത്ഥവും കൂടിയുണ്ട്.

മൂന്നു തവണയുള്ള ചോദ്യത്തിനും ഏറെ പ്രസക്തിയുണ്ട്. രഹസ്യമായി മൂന്ന് തവണ ഗുരുവിനെ തള്ളിപ്പറഞ്ഞവൻ പരസ്യമായി മൂന്ന് തവണ ഗുരുവിനെ ഏറ്റുപറയുകയാണ്. വാസ്തവത്തിൽ തന്റെ ഉയിർപ്പിന് ശേഷവും കർത്താവിന്റെ സൗഖ്യദാന ശുശ്രൂഷ തുടരുന്നു എന്നൊരു വലിയ സൂചനയും ഈ വേദഭാഗം നൽകുന്നു. വലിയ ഹൃദയഭാരത്തിൽ ആയിരുന്ന പത്രോസിന് ശിഷ്യത്വ വഴികളിൽ ശക്തിയോടെ നടക്കുവാൻ തക്കവണ്ണം ഉള്ള ആരോഗ്യവും സൗഖ്യവും ആണ് കർത്താവ് ഈ വേദഭാഗത്ത് നൽകുന്നത്.

എന്റെ ആടുകളെ മേയിക്കുക

പത്രോസിനോടുള്ള ഓരോ ചോദ്യവും അവസാനിക്കുന്നത് അവന് ചില ഉത്തരവാദിത്വങ്ങൾ നൽകിക്കൊണ്ടാണ്. ഞാൻ നല്ല ഇടയൻ ആകുന്നു എന്ന് പറഞ്ഞ കർത്താവ് തന്റെ ആടുകളെ മേയിക്കുക എന്നാണ് പത്രോസിനോട് പറയുന്നത്. താൻ ചെയ്തത് കൊണ്ടിരുന്ന ശുശ്രൂഷകളെ തനിക്ക് ശേഷം മുൻപോട്ടു കൊണ്ടുപോകുവാനുള്ള വലിയ ഉത്തരവാദിത്തമാണ് പത്രോസിനെ നൽകുന്നത്. അത് ഇടയനാകുവാനുള്ള ആഹ്വാനമാണ്. ഇടയൻ ആകുവാനുള്ള മാനദണ്ഡം വലിയ ഇടയനോടുള്ള കൃത്യമായ ബന്ധവും സ്നേഹവും ആണെന്ന് ഈ നിയോഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

ഉത്തമനും വിശ്വസ്തനുമായ ദാസൻ എന്ന ഒരു സങ്കല്പം കർത്താവിന്റെ



മൊഴികളിൽ ഉണ്ട്. ആ ദാസന്റെ ഏറ്റവും വലിയ സവിശേഷത തക്ക സമയത്ത് വീട്ടുകാർക്ക് ഭക്ഷണം കൊടുക്കുക എന്നതാണ്. എൻറെ ആടുകളെ 'മേയിക്കുക' 'പാലിക്കുക' എന്നിങ്ങനെയുള്ള രണ്ട് നിർദ്ദേശങ്ങളും ആടുകൾക്ക് ഭക്ഷണം കൊടുക്കുവാനും അവരെ കരുതുവാനുമുള്ള പ്രചോദനങ്ങളാണ്.


ഗുരുവിന്റെ സ്നേഹ വലയത്തിലുള്ള ഓരോരുവനും ഈ നിയോഗം ഉണ്ട് എന്നത് വിസ്മരിക്കരുത്. ഭക്ഷണം കൊടുക്കുക (അപ്പോ. 2: 45–46) എന്നതും പരിപാലനം ചെയ്യുക (അപ്പോ. 4:32–35) എന്നുള്ളതും ആദിമ സഭയുടെയും അടിസ്ഥാന സവിശേഷതകളിൽ ഒന്നായിരുന്നു. വാസ്തവത്തിൽ പത്രോസിനെ ഈ നിയോഗങ്ങളിലേക്ക് കർത്താവ് ആനയിക്കുമ്പോൾ സഭാ ജീവിതത്തിലുള്ള ഏതൊരുവനും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമായി വേണം ഇതിനെ മനസ്സിലാക്കുവാൻ.

എന്നെ അനുഗമിക്ക

എന്നെ അനുഗമിക്കുക എന്ന ശബ്ദം കേട്ട് കർത്താവിനെ അനുധാവനം ചെയ്ത പത്രോസിനെ തന്റെ ജീവിതത്തിന്റെ അടുത്തൊരു ഘട്ടത്തിലേക്ക് അതേ ശബ്ദം ക്ഷണിക്കുകയാണ്. ആദ്യഘട്ടത്തിൽ കർത്താവിനെ അനുഗമിച്ച പത്രോസ് പലപ്പോഴും ദുർബലനായിരുന്നു. ഒരുപക്ഷേ അദ്ദേഹത്തിൻറെ ക്രിസ്തു അവബോധവും വികലമായിരുന്നു. മനുഷ്യരെ പിടിക്കുന്നവർ ആക്കാം എന്ന ആഹ്വാനത്തോടെയാണ് ആദ്യഘട്ടം ആരംഭിച്ചത് എങ്കിൽ മരണം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തും എന്ന വെളിപാടോടു കൂടിയാണ് രണ്ടാംഘട്ടം ആരംഭിക്കുന്നത്. ഒരുപക്ഷേ പത്രോസ് ഇപ്പോൾ ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നത് ക്രിസ്തു വഴിയെ തന്നെ താനും കൊല്ലപ്പെടും എന്ന് പൂർണ ബോധത്തോടെ തന്നെയാകാം. എന്നെ അനുഗമിക്കുക എന്ന ഈ വേദഭാഗത്തിലെ പരാമർശത്തിന് ഒരു ക്രിസ്ത്യാനി അവന്റെ ജീവിത വഴികളിൽ നേരിടേണ്ടി വരുന്ന സഹനങ്ങളുടെ സൂചനയുണ്ട്. ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും അവനവനിഷ്ടമുള്ളതുപോലെ ആവില്ല അവന്റെ ജീവിതം എന്നും വ്യക്തിഹിതത്തിനപ്പുറത്ത് ദൈവഹിതത്തിന് വില കൽപ്പിക്കേണ്ടി വരുമെന്നുമുള്ള ബോധ്യത്തിലേക്കാണ് പത്രോസിലൂടെ നമ്മെ കൂട്ടിക്കൊണ്ടുവരുന്നത്.

❑

Church Calendar



"I came not to call the righteous, but sinners"

Second Sunday after New Sunday

(St. Mark 2:13–22)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

At the beginning of His public ministry, Lord Jesus called many to be His disciples. To Peter and Andrew, who were fishermen, He said, "Follow me, and I will make you fishers of men." He also called the two brothers, James and John. They left everything and followed Jesus.

As He traveled from place to place fulfilling His ministry, He saw Levi, a tax collector. He was sitting at the tax office collecting taxes. In the Gospels of St. Mark and St. Luke, he is called Levi, but in the Gospel of St. Matthew, this same person is identified as 'Matthew'. The name Matthew was likely adopted by Levi after he became a disciple of Jesus.

Just as He had called the other disciples, Lord Jesus called Levi as well. Seeing Levi sitting at the tax office, He said, "Follow me." He stood up and followed Jesus. After that, Lord Jesus went to Matthew's (Levi's) house and ate a meal there.

Christ Who Embraces the Rejected

Jesus Christ went to the house of Levi, the tax collector. At that time, the land of Palestine was under Roman rule. The Jews hated this Roman dominance. They did not accept positions under the Romans, nor did they take up jobs like collecting taxes and duties for them. Only those in a very low social standing accepted such jobs. The Jews viewed those who took these positions with great contempt. Since they were of low status and lacked standing in higher social circles, the majority of them were of questionable character. Therefore, tax collectors were considered socially despicable. They were regarded as a type of thief who plundered and extorted the wealth of others. For these reasons, they were categorized as sinners. It was into the home of such a person that Lord Jesus entered.

When Lord Jesus and His disciples were at the home of Levi (Matthew) for a meal, tax collectors and sinners ate along with them. Many people, including Jews, followed Him. When the religious leaders among the Jews who had come with them saw Lord Jesus and His disciples eating with tax collectors, they criticized Him. Understanding this, the Lord gave them the reply: "I came not to call the righteous, but sinners."

Through this one response, the Lord reminds us that we have a responsibility to embrace those who experience distress and neglect in society. Therefore, we must not show discrimination toward anyone based on their profession, caste, color, or language. Understanding that everyone is God's creation, we must be able to embrace all.

In today's society, we often isolate many in the name of caste, religion, language, color, and job. Racial and color discrimination still exists in society today. It was this discrimination that Christ eliminated. Perhaps in the society of that time, the tax collectors were a group most rejected and hated by everyone. They were called sinners. It was with them that Lord Jesus and His disciples shared a meal. Tax collectors were socially considered very lowly because they not only earned money unrighteously but also collected unrighteous interest. By visiting the homes of such individuals and eating with them, He made it clear that He is the God of everyone and that He cares for all.

"When the scribes of the Pharisees saw that He was eating with sinners and tax collectors, they said to His disciples, 'Why does He eat with tax collectors and sinners?' And when Jesus heard it, He said to them, Those who are well have no need of a physician, but those who are sick." (St. Mark 2:16-17).

Levi (Matthew) used this feast to introduce Lord Jesus to his fellow tax collectors. Since his relationship with Jesus was so beneficial, Levi likely thought that his colleagues should also receive such spiritual benefits. Considering the social status the Jews gave to tax collectors, this act of Jesus was a miraculous thing.

Jesus knew that the Jewish leaders would oppose Him. To draw those considered the most wretched in society closer to Him and to win their faith and love, He included one of them in His group of disciples and ate with them. To uplift those who were downtrodden in society, He did not stand aloof from them; instead, He cooperated with them, became one among them, and strived to instill in them the realization that they, too, are human beings.

Overcoming the Criticism of the Religious Leaders

In this scripture portion, the Jews criticize the disciples of Lord Jesus. In a situation where they could find no actual fault in the disciples, they found a grievance and asked: "John's disciples and the Pharisees are fasting. Why do your disciples not fast?" (St. Mark 2:18). This section can also be found in the Gospels of St. Matthew (9:14-17) and St. Luke (5:33-39). The Jews used to fast twice a week, on Tuesdays and Thursdays. Perhaps the feast hosted by Levi (Matthew) occurred on one of these days. That is why they asked this question immediately. There is no question about Jesus not fasting; rather, they wanted to know the reason why the disciples were not fasting. However, Lord Jesus gives a very clear answer to all these questions.

As a reply to this, Lord Jesus said, "Can the wedding guests fast while the bridegroom is with them? As long as they have the bridegroom with them, they cannot fast. The days will come when the bridegroom is taken away from them, and then they will fast in that day" (St. Mark 2:19–20). St. John the Baptist has previously referred to Jesus Christ as the 'Bridegroom' (St. John 3:29). The Bridegroom is the Messiah; the 'Wedding Chamber' is the earth, and the 'Friends of the Bridegroom' are the Lord's disciples. While staying with the Bridegroom, it is a time of joy for the friends of the Bridegroom. At that time, there is no need for fasting. Similarly, as they were with the Heavenly Bridegroom, this was a season of joy for the apostles.

The issue here regarding the Jews was not the spirituality of observing a fast. Their only intention was to criticize Christ and His disciples. Often, we too turn into people who criticize for no reason. Because of that, there is no benefit to us or to those we criticize. Healthy criticism will lead to a person's growth or the correction of mistakes. However, baseless criticism only results in stagnation rather than growth.

Therefore, during this period following the Feast of the Resurrection (Easter), we must be able to experience the presence of Christ. Not only that, we must be able to see that presence in others as well. Then we will be able to embrace others, especially those at the bottom of society and those rejected by everyone, and uplift them in society, seeing the good in others and encouraging that goodness. May we be enabled for this through the presence of the Risen Christ. Thus, we pray. ❑

മറുപുറം

ഗ്രാമത്തിന്റെ ഐശ്വര്യവും ദൈവത്തിന്റെ ഗണിതവും

ഫാ. അജീഷ് ബാബു



ഒരു ഗ്രാമത്തിന്റെ ഐശ്വര്യം അതിന്റെ വീടുകളിലോ വഴികളിലോ മാത്രം അടങ്ങിയിട്ടില്ല; അത് മനുഷ്യരിലാണ് പതിഞ്ഞിരിക്കുന്നത്. പ്രത്യേകിച്ച് ഒരു പഴയ ചായക്കടയുടെ ചുവരുകൾക്കുള്ളിൽ, കാലത്തിന്റെ ഗന്ധം ചേർന്ന ഒരു നിശ്ശബ്ദ ജ്ഞാനം ജീവിക്കുന്നു. അവിടെ ഇരിക്കുന്ന പ്രായമായ മനുഷ്യർ, ജീവിതത്തിന്റെ എല്ലാ കാലാവസ്ഥകളും കടന്നുപോയവരാണ്. ഇല്ലായ്മയുടെ ചൂടും, പരിശ്രമത്തിന്റെ വിയർപ്പും, ബന്ധങ്ങളുടെ തകരച്ചയും, പുനർനിർമ്മാണവും ഇവയെല്ലാം അവരുടെ കണ്ണുകളിൽ അടിഞ്ഞു കിടക്കുന്നു. അവർ പറയുന്ന വാക്കുകൾക്ക് പുസ്തകങ്ങളുടെ അളവില്ല; പക്ഷേ ജീവിതത്തിന്റെ അളവുണ്ട്. ഒരിക്കൽ വഴിതെറ്റിയവർക്കു ദിശ കാണിച്ച “പണ്ടത്തെ ഗൂഗിൾ മാപ്പ്” ആയിരുന്നവർ, ഇന്നും അതേ ക്ഷമയോടെ ഒരു ലോകത്തെ വഹിച്ചുകൊണ്ടിരിക്കുന്നു.

ചായക്കടകൾ വെറും ചായ കുടിക്കുന്ന ഇടങ്ങൾ അല്ല; അവ ഒരു സമൂഹത്തിന്റെ ആത്മാവാണ്. അവിടെ സംസാരങ്ങൾ ഉണ്ട്, മൗനങ്ങൾ ഉണ്ട്, ഓർമ്മകൾ ഉണ്ട്, അനുഭവങ്ങൾ ഉണ്ട്. ഇന്ന് നമ്മൾ മുഖത്ത് നോക്കി ചിരിക്കാനും മടിക്കുന്ന കാലത്ത്, അവിടെ ഒരാൾ മറ്റൊരാളുടെ കണ്ണിൽ നോക്കി സംസാരിക്കുന്നു. ആ സംഭാഷണത്തിൽ ഒരു മനുഷ്യൻ മറ്റൊരാളായി മാറുന്നു. ആ ഇടം, ഒരു നാടിന്റെ ഐശ്വര്യമായി മാറുന്നത് അതുകൊണ്ടാണ്. ഈ ദൃശ്യത്തിലേക്ക് സുവിശേഷങ്ങളുടെ ലോകം ശാന്തമായി കടന്നുവരുമ്പോൾ, “രണ്ട് കാശ്” എന്നൊരു ചെറിയ പ്രതീകം നമ്മെ വിളിക്കുന്നു. ദേവാലയത്തിലെ ദാനപ്പെട്ടിയുടെ അരികിൽ, ശബ്ദമില്ലാതെ എത്തി തന്റെ രണ്ട് ചെറുകാശ് ഇടുന്ന വിധവയുടെ ദൃശ്യം, ഈ ചായക്കടയിലെ പ്രായമായ മനുഷ്യരുടെ ജീവിതത്തോട് ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അവർ വലിയ സമ്പത്ത് സഞ്ചയിച്ചവരല്ല; എന്നാൽ അവർ നൽകിയതെല്ലാം, അവരുടെ ഇല്ലായ്മയിൽ നിന്നാണ്. മക്കളെ വളർത്തിയതും, വീടുകൾ പണിതതും, ജീവിതം മുന്നോട്ട് കൊണ്ടുപോയതും എല്ലാം അവരുടെ “രണ്ട് കാശ്” കൊണ്ടാണ്. അവരുടെ ജീവിതം ഒരു സമ്പൂർണ്ണതയുടെ കഥയല്ല; അത് അപൂർണ്ണതകളുടെ കഥയാണ്. എന്നാൽ ആ അപൂർണ്ണതകളിലാണ് ദൈവത്തിന്റെ പ്രവർത്തനം മറഞ്ഞിരിക്കുന്നത്. സുവിശേഷത്തിലെ വിധവ തന്റെ എല്ലാം നൽകിയതുപോലെ, ഈ മനുഷ്യരും അവരുടെ കഴിവിനുള്ളിൽ നിന്നല്ല, അവരുടെ അഭാവത്തിൽ നിന്നാണ് കൊടുത്തത്. അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ദൈവം വലിയ കണക്കുകൾ നോക്കുന്നില്ല എന്നതാണ്; അവൻ നോക്കുന്നത് ഹൃദയത്തിന്റെ ആഴമാണ്. അതേ “രണ്ട് കാശ്” എന്ന പ്രതീകം നല്ല ശമരിയക്കാരന്റെ കഥയിലും വീണ്ടും പ്രത്യക്ഷപ്പെടുന്നു. വഴിയരികിൽ പരിക്കേറ്റ് കിടക്കുന്ന മനുഷ്യനെ എടുത്ത് സത്രത്തിൽ എത്തിച്ച ആ അന്യൻ, അവന്റെ പരിചരണത്തിനായി രണ്ട് വെള്ളിക്കാശ് നൽകുന്നു. അത് ഒരു സമാപനം അല്ല; ഒരു തുടക്കമാണ്. “കൂടുതൽ ചെലവായാൽ ഞാൻ മടങ്ങിവരുമ്പോൾ കൊടുക്കാം” എന്ന വാക്ക്, അപൂർണ്ണതയിൽ നിർത്തപ്പെട്ട ഒരു കരുണയുടെ വാഗ്ദാനമാണ്. ഈ വാഗ്ദാനം, ദൈവത്തിന്റെ രക്ഷാപ്രവർത്തനത്തിന്റെ പ്രതിധ്വനിയാകുന്നു, അവൻ ആരംഭിക്കുന്നതു അവൻ തന്നെയാണ് പൂർത്തിയാക്കുന്നത്.

ചായക്കടയിലെ പ്രായമായ മനുഷ്യരെ ഓർക്കുമ്പോൾ, ഈ ശമരിയക്കാരന്റെ ദയയും വിധവയുടെ വിശ്വാസവും ഒരുമിച്ച് തെളിയുന്നതായി കാണാം. അവർ ജീവിതത്തെ മുഴുവൻ ശരിയാക്കിയവരല്ല; എന്നാൽ അവർ ജീവിതത്തെ വിട്ടുകൊടുക്കാതെ മുന്നോട്ട് കൊണ്ടുപോയവരാണ്. അവരുടെ സംഭാഷണങ്ങൾ, അവരുടെ ചിരികൾ, അവരുടെ ഓർമ്മകൾ ഇവയെല്ലാം അവരുടെ “രണ്ട് കാശ്” ആണ്. അവർ സമൂഹത്തിന് നൽകിയ ചെറുതായി തോന്നുന്ന സംഭാവനകൾ, വാസ്തവത്തിൽ ഒരു നാടിന്റെ ആത്മാവിനെ തന്നെ താങ്ങിനിർത്തുന്നവയാണ്.

നോമ്പുകാലം ഈ സത്യത്തെ കൂടുതൽ വ്യക്തമായി നമ്മിലേക്ക് അടുക്കി വരുത്തുന്നു. ഇത് നമ്മൾ കൂടുതൽ സമ്പാദിക്കുന്ന കാലമല്ല; മറിച്ച് നമ്മൾ കുറയാൻ പഠിക്കുന്ന കാലമാണ്. ചായക്കടയിലെ ആ പഴയ മനുഷ്യരെപ്പോലെ, നാം നമ്മുടേതായ അഭാവങ്ങളിൽ നിന്നു കൊടുക്കാൻ പഠിക്കേണ്ട സമയം. പ്രാർത്ഥനയിൽ, ഉപവാസത്തിൽ, ദാനത്തിൽ നാം നമ്മളെ തന്നെ ഒന്ന് ഒന്ന് ഒഴിച്ചുകൊടുക്കുന്നു. അത് ഒരു നഷ്ടം പോലെ തോന്നാം; പക്ഷേ ആ ശൂന്യതയിലാണ് ദൈവം തന്റെ സാന്നിധ്യം നിറയ്ക്കുന്നത്. ഒരു നാട് ഇത്തരം മനുഷ്യരെ നഷ്ടപ്പെടുമ്പോൾ, അത് വെറും ആളുകളെ മാത്രമല്ല നഷ്ടപ്പെടുന്നത്; അത് തന്റെ ഓർമ്മകളെയും, വഴികാട്ടികളെയും, സഹനത്തിന്റെ ഭാഷയെയും നഷ്ടപ്പെടുന്നു. ചായക്കടകൾ ഇല്ലാതാകുമ്പോൾ, ഒരു സമൂഹത്തിന്റെ ഹൃദയം മന്ദഗതിയിലാകുന്നു. കാരണം അവിടെയാണ് മനുഷ്യൻ മനുഷ്യനായി തുടരുന്നത്.


“രണ്ട് കാശ്” എന്നത് ഒരു ചെറിയ സംഖ്യ മാത്രമല്ല; അത് മനുഷ്യജീവിതത്തിന്റെ ദൈവിക വ്യാഖ്യാനമാണ്. നമ്മൾ നൽകുന്നത് എപ്പോഴും കുറവായിരിക്കും. എന്നാൽ ദൈവം അതിൽ ചേർക്കുന്നത് അതിരുകളില്ലാത്തതാണ്. ഒരു ചായക്കടയിലെ ഒരു കപ്പ് ചായ പോലെ ചെറുതായെങ്കിലും, അത് മനുഷ്യരെ ബന്ധിപ്പിക്കുന്ന ഒരു മഹത്തായ അനുഭവമായി മാറുന്നു. നോമ്പുകാലത്തിൽ, നമുക്ക് നമ്മളിലുള്ള പൂർണ്ണതകൾക്ക് വേണ്ടി ഓടേണ്ടതില്ല. മറിച്ച്, നമ്മളിലുള്ള അപൂർണ്ണതകളെ ദൈവത്തിന് കൈമാറാൻ പഠിക്കണം. നമ്മുടെ ചെറിയ സ്നേഹങ്ങൾ, ചെറിയ ദാനങ്ങൾ, ചെറിയ സംഭാഷണങ്ങൾ ഇവയെല്ലാം നമ്മുടെ “രണ്ട് കാശ്” ആണ്. അവ ദൈവത്തിന്റെ കൈകളിൽ എത്തുമ്പോൾ, അവ ഒരു നാടിന്റെ ഐശ്വര്യമായി മാറും. ഒരു ചായക്കടയിൽ ഇരുന്ന് സംസാരിക്കുന്ന പ്രായമായ മനുഷ്യരെപ്പോലെ, നമുക്ക് ലോകത്തെ രക്ഷിക്കാൻ വലിയ കാര്യങ്ങൾ ചെയ്യേണ്ടതില്ല. നമുക്ക് ചെയ്യേണ്ടത് ചെറിയ കാര്യങ്ങൾ വിശ്വാസത്തോടെ നൽകുകയാണ്. കാരണം ദൈവം കണക്കുകൂട്ടുന്നില്ല അവൻ പൂർത്തിയാക്കുന്നു.



കുന്നംകുളം ഭദ്രാസനത്തിലെ വൈശേരി മാർ ഗ്രീഗോറിയോസ് പള്ളി എം.ജി.എം. സണ്ടേസ്കൂൾ വൈശേരി ഗോൾഡൻ ജൂബിലി സമാപന സമ്മേളനം ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്യുന്നു.



പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വലിയപള്ളിയിൽ നടത്തിയ പൈതൽ നേർച്ച. പിറവം പള്ളിയിലെ പൈതൽ നേർച്ച ഏറെ പ്രസിദ്ധമാണ്.



പത്രപ്രവർത്തകനും എഴുത്തുകാരനും മനഃശാസ്ത്രജ്ഞനുമായ ടി. എ. പാലമൂട് രചിച്ച 'മനസ്സിന്റെ വഴികൾ', 'അമ്മയെ സ്നേഹിച്ച പ്രവാചകൻ' എന്നീ രണ്ട് പുസ്തകങ്ങൾ പത്തനംതിട്ടയിൽ വെച്ച് പ്രകാശനം ചെയ്തു. പത്തനംതിട്ട ലൈഫ് ഗൈഡ് സെന്ററിൽ നടന്ന ചടങ്ങിൽ ഡോ. എം.എസ്. സുനിൽ, ഫാ. ഡോ. മാത്യു ഡാനിയേൽ എന്നിവർ ചേർന്നാണ് പുസ്തകങ്ങൾ പ്രകാശനം ചെയ്തത്. വിനോദ് ഇളകൊള്ളൂർ, കൈപ്പട്ടൂർ തങ്കച്ചൻ എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.



Dr. Jastina Mariam Mathai , W/o Fr. John Mathai (Vicar of St. Gregorios OSC, Belgaum) and D/o P. C. Mathai and Saramma Mathai has been awarded PhD in Information Systems Management from the Indian Institute of Management (IIM) Sambalpur.





ഞായർ പള്ളിക്കൂടത്തിന് രണ്ട് ഏഷ്യൻ റെക്കോർഡുകൾ

തിരുവനന്തപുരം: ഞായർ പള്ളിക്കൂടം പ്രതിവാര ഓൺലൈൻ വീഡിയോ പരമ്പരക്ക് ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡസിന്റെ രണ്ടു അംഗീകാരങ്ങൾ ലഭിച്ചു. പ്രാദേശിക ഭാഷയിൽ ഏറ്റവും കൂടുതൽ മൂല്യാതിഷ്ഠിത സന്ദേശങ്ങൾ തുടർച്ചയായി നിർവഹിച്ചതിന്റെ വ്യക്തിഗത ഏഷ്യൻ റെക്കോർഡ് (301 പ്രഭാഷണങ്ങൾ, 301 എപ്പിസോഡുകൾ) ഡോ. ഗബ്രിയൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയ്ക്കും ഏറ്റവും കൂടുതൽ പ്രോഗ്രാമുകൾ നിർമ്മിച്ച് അപ്ലോഡ് ചെയ്തതിനുള്ള ഏഷ്യൻ റെക്കോർഡ് (298 എപ്പിസോഡുകൾ) ഞായർ പള്ളിക്കൂടം അവതാരകനും സംവിധായകനുമായ ഡോ. സന്തോഷ് ജി. തോമസിനുമാണ് ലഭിച്ചത്.

ഇരുവർക്കും ഈ വിഭാഗത്തിൽ മുമ്പ് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെ അംഗീകാരവും ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡസിന്റെ ഗ്രാൻഡ് മാസ്റ്റർ പദവിയും ലഭിച്ചിട്ടുണ്ട്.

കോവിഡ് കാലഘട്ടത്തിൽ 2020-നു ആരംഭിച്ച ഞായർ പള്ളിക്കൂടം എന്ന പരമ്പര ആറു വർഷം കൊണ്ട് 312 എപ്പിസോഡുകൾ പൂർത്തിയാക്കുവാൻ സാധിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം, പൗഡിക്കോണം മാതാ മറിയാം ആശ്രമം നിർമ്മിക്കുന്ന ഈ പരമ്പര ആശ്രമത്തിന്റെ ഞായർ പള്ളിക്കൂടം എന്ന ഓൺലൈൻ ചാനലിൽ കൂടിയും ഗ്രിഗോറിയൻ ടിവി, OSSAE ബോധനം തുടങ്ങിയ ഓൺലൈൻ ചാനലുകളിൽ കൂടിയും സംപ്രേക്ഷണം ചെയ്യുന്നുണ്ട്.



അഖില മലങ്കര ഓർത്തോഡോക്സ് സുറിയാനി സഭ അങ്കമാലി ഭദ്രാസന മർത്തമറിയം വനിതാസമാജം വാർഷീകസമ്മേളനം വളയൻചിറങ്ങര ബാലഗ്രാമിൽ വച്ച് ഇടവക മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളികാർപ്പോസ് ഉദ്ഘാടനം നടത്തി. ഏഷ്യാനെറ്റ് സീനിയർ ജേർണലിസ്റ്റ് ജോർജ് പുളിക്കൻ മുഖ്യപ്രഭാഷണം നടത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സന്യാസ സമൂഹം വാർഷിക സമ്മേളനം

കോട്ടയം; അഖില മലങ്കര സന്യാസ സമൂഹം വാർഷിക സമ്മേളനം ഏപ്രിൽ 28, 29 തീയതികളിൽ തടാകം ക്രിസ്തു ശിഷ്യ ആശ്രമത്തിൽ വച്ച് നടക്കും. മെത്രാപ്പോലീത്തന്മാരും വൈദികരും സഭയിലെ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നായി നൂറിൽപരം അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കും. സന്യസ്തരുടെ വഴി ആത്മാവിൽ ആരംഭിച്ച് ആത്മാവിൽ സമാപിക്കുന്നു. (ഗലാത്യർ 3:3) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. അട്ടപ്പാടി സെന്റ് തോമസ് ആശ്രമം, കൊയമ്പത്തൂർ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എന്നിവയും സന്ദർശിക്കുന്നതാണ്.







ഡോ. അപ്രേം പി. ജോയിക്ക് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

കൊട്ടാരക്കര: ജർമൻ സർക്കാർ നൽകുന്ന രാജ്യാന്തര പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പായ ഒഎഫ്ജി വാൾട്ടർ ബഞ്ചമിൻ ഫെലോഷിപ്പിന് കൊട്ടാരക്കര സ്വദേശിയായ ഡോ. അപ്രേം പി. ജോയി അർഹനായി.

ഭൗതിക ശാസ്ത്ര ഗവേഷണ സ്ഥാപനമായ അമേരിക്കയിലെ കാവ്‌ലി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ തിയററ്റിക്കൽ ഫിസിക്സിൽ ക്വാണ്ടം ഫിസിക്സിൽ 2 വർഷത്തെ ഗവേഷണം നടത്തുന്നതിനാണ് ഫെലോഷിപ്പ്. തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജിയിൽ ബിരുദം നേടി ഒരു വർഷം ഐഎസ്ആർഒ യിൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചിരുന്നു.

തുടർന്ന് ജർമൻ സ്കോളർഷിപ്പോടുകൂടി കൊളോൺ യൂണിവേഴ്സിറ്റിയിൽ നിന്നു മാസ്റ്റർ ബിരുദവും പിഎച്ച്ഡിയും നേടി. ഗവേഷണത്തിന് രാജ്യാന്തര തലത്തിൽ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചു. കൊട്ടാരക്കര കിഴക്കേത്തെരുവ് വലിയവിള വീട്ടിൽ റിട്ട. ഇറിഗേഷൻ എൻജിനീയർ പി. ജോയിക്കുട്ടിയുടെയും റിട്ട. അധ്യാപിക ആനി മാത്യുവിന്റെയും മകനാണ്.



പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ആയി നിയമിതനായ സജി പട്ടരുമഠം. ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.